കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

മാറഞ്ചേരി ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2024-2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: **dompm.ksad@kerala.gov.in**

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.എം.പി.എം.
24/88/2026

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 03/02/2026
ഇ-മെയിൽ: dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മാറഞ്ചേരി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മാറഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മാറഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു

റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.എം.പി.എം. തീയ്യതി: 03/02/2026
24/88/2026

മലപ്പുറം ജില്ലയിലെ മാറഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ മാറഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 20-06-2024 മുതൽ 03-01-2026 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 36 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 3 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 14-01-2026 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)

ശ്രീ. അശ്റഫ് പെരുമ്പള്ളി കെ.എ.എസ്	ഡെപ്യൂട്ടി ഡയറക്ടർ	05-01-2026	14-01-2026

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
05-01-2026	06-01-2026
08-01-2026	14-01-2026

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.അബ്ദുൽ റഷീദ് എം പി, ഓഡിറ്റ് ഓഫീസർ (ഹയർ ഗ്രേഡ്)
ശ്രീ.ഷജീർ കെ , സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.മുഹമ്മദ് നൗഷാദ് എ കെ,സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.ഖാലിദ പി,ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി. ബീന ടീച്ചർ	പ്രസിഡന്റ്	01-04-2024	31-03-2025
ശ്രീ. മണികണ്ഠൻ ടി	സെക്രട്ടറി	01-04-2024	31-03-2025

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ. സാജു പ്രകാശ് എൻ.എസ്	അസിസ്റ്റന്റ് സെക്രട്ടറി	01-04-2024	27-10-2024
ശ്രീ. ജോസഫ് ചാക്കോ	അസിസ്റ്റന്റ് സെക്രട്ടറി	28-10-2024	31-03-2025
ശ്രീ. ശശിധരൻ	വി.ഇ.ഒ (മാറഞ്ചേരി സർക്കിൾ)	01-04-2024	31-10-2024
-ഒഴിവ്-	വി.ഇ.ഒ (മാറഞ്ചേരി	01-11-2024	01-11-2024

	സർക്കിൾ)		
ശ്രീ. ജ്യോതിസ് ജോയ്	വി.ഇ.ഒ (മാറഞ്ചേരി സർക്കിൾ)	02-11-2024	31-03-2025
-ഒഴിവ്-	വി.ഇ.ഒ (കാഞ്ഞിരമുക്ക് സർക്കിൾ)	01-04-2024	05-01-2025
ശ്രീ. ശ്രീരാജ്	വി.ഇ.ഒ (കാഞ്ഞിരമുക്ക് സർക്കിൾ)	06-01-2025	31-03-2025
ശ്രീമതി. ശിൽപ പി	കൃഷി ഓഫീസർ	01-04-2024	17-12-2024
ശ്രീ. അനീസ് എം എം	കൃഷി ഓഫീസർ	18-12-2024	31-12-2024
ശ്രീ. നിരഞ്ജ് വി അജയ്	കൃഷി ഓഫീസർ	01-01-2025	31-03-2025
ഡോ. ശബ്നം	മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി)	01-04-2024	25-04-2024
ഡോ. അഞ്ജു രാമചന്ദ്രൻ	മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി)	26-04-2024	13-06-2024
ഡോ. ആതിര ഉണ്ണികൃഷ്ണൻ	മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി)	14-06-2024	31-03-2025
ഡോ. അജിത് കുമാർ വി	മെഡിക്കൽ ഓഫീസർ (ആയുർവേദം)	01-04-2024	31-03-2025
ഡോ. നഹീൽ സി.എം	വെറ്ററിനറി സർജൻ	01-04-2024	31-03-2025
ശ്രീമതി. നസീഹ	ഐ സി ഡി എസ് സൂപ്പർവൈസർ	01-04-2024	15-08-2024
ശ്രീമതി. നിഷ പി പി	ഐ സി ഡി എസ് സൂപ്പർവൈസർ	16-08-2024	31-03-2025
ശ്രീമതി. ആരിഫ എൻ പി	ഡയറി ഫാം ഇൻസ്ട്രക്ടർ	01-04-2024	31-03-2025
ശ്രീമതി. ലിസ.സി.എ	ഹെഡ്മിസ്ട്രസ്	01-04-2024	14-06-2024
ശ്രീമതി. ശാന്തി വി വി	ഹെഡ്മിസ്ട്രസ്	15-06-2024	24-06-2024

ശ്രീമതി. കഷ്ണവേണി ഇ	ഹെഡ്മിസ്ട്രസ്	25-06-2024	31-03-2025
-ഒഴിവ്-	ഫിഷറീസ് ഇൻസ്പെക്ടർ	01-04-2024	31-03-2025
ശ്രീ. ജെ പി ജയദേവൻ	അസിസ്റ്റന്റ് എഞ്ചിനീയർ	01-04-2024	31-03-2025

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
2	അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.	1-1-1
3	ആസ്തി രജിസ്റ്റർ കാലികമാക്കി പരിശോധനക്ക് ലഭ്യമാക്കിയില്ല	1-1-2
4	ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല.	1-1-3
5	ബാങ്ക് സ്റ്റേറ്റ്മെന്റ്, റിക്കൺസിലേഷൻ സ്റ്റേറ്റ്മെന്റ് എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയില്ല	1-1-4
6	ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുകകളും 40(b) പ്രകാരമുള്ള നീക്കിയിരിപ്പ് തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല	1-1-5
7	ലോൺ അക്കൗണ്ട് വിവരങ്ങൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല	1-1-6
8	Fixed Asset Depreciation കണക്കാക്കിയതിന്റെ വിവരം ലഭ്യമാക്കിയില്ല.	1-1-7
9	രജിസ്റ്ററുകളിൽ വാർഷിക സംക്ഷിപ്തം രേഖപ്പെടുത്തി സാക്ഷ്യപ്പടുത്തിയിട്ടില്ല	1-1-8
10	തൊഴിലുറപ്പ് പദ്ധതി ഭരണ ചെലവ് തുകയുടെ വരവ് ചെലവ് കണക്കുകൾ പൊരുത്തപ്പെടുന്നില്ല	1-1-9
11	കാഷ് ബുക്ക്, ബാങ്ക് റിക്കൺസിലേഷൻ പത്രിക എന്നിവ സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.	1-1-10
12	വൈദ്യുതി ബോർഡിന് നൽകിയ അഡ്വാൻസ് തുകയിൽ വ്യത്യാസം	1-1-11
13	അഡ്വാൻസ് രജിസ്റ്ററിൽ വ്യക്തമായ വിവരം ഇല്ല	1-1-12
14	ACR, AFS പ്രകാരമുള്ള വരവ് തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല.	1-1-13
15	തൊഴിൽ നികുതി- കളക്ഷൻ തുകയിൽ വ്യത്യാസം	1-1-14
16	ബജറ്റ്	1-2
17	സാമ്പത്തിക വിശകലനം	1-3
18	ഫണ്ട് വിനിയോഗം	1-4

19	പദ്ധതി അവലോകനം	1-5
20	തൊഴിലുറപ്പ് പദ്ധതി	1-6
21	ക്ഷേമ പെൻഷൻ	1-7
22	ക്യാഷ് പരിശോധന	1-8
23	അഭ്യന്തര നിയന്ത്രണം	1-9
24	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം	1-10
25	ഹെൽത്ത് ഗ്രാന്റ് വിനിയോഗവും ഫലപ്രാപ്തിയും - അവലോകനം	1-11
26	ജലജീവൻ മിഷൻ പദ്ധതി- അവലോകനം	1-12
27	റേഷൻകടകൾ, മാവേലി സ്റ്റോറുകൾ - ലൈസൻസ്,തൊഴിൽ നികുതി വിവരം ലഭ്യമാക്കേണ്ടതാണ്.	1-13
28	അനധികൃത നിർമ്മാണങ്ങൾ-ഫീൽഡ് പരിശോധന/പോസ്റ്റ് ഒക്കുപ്പൻസി ഓഡിറ്റ് വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്	1-14
29	വാർത്താ വിനിമയ ഗോപുരങ്ങളുടെ പെർമിറ്റ്, നമ്പറിംഗ്, നികുതി നിർണ്ണയം-അപാകതകൾ	1-15
30	പരിഷ്കരിച്ച നിരക്കിലുള്ള വസ്തു നികുതി ചുമത്തിയില്ല	1-16
31	ഗ്രാമപഞ്ചായത്തിന്റെ ഫിറ്റ്നസ്സ് ഇല്ലാതെ സ്കൂൾ പ്രവർത്തിച്ചു	1-17
32	തൊഴിൽ നികുതി ഈടാക്കിയില്ല	1-18
33	സ്വകാര്യ വിദ്യഭ്യാസ സ്ഥാപനങ്ങളുടെ കെട്ടിട നിർമ്മാണങ്ങൾ-നടപടി സ്വീകരിക്കേണ്ടതാണ്.	1-19
34	പർച്ചേഴ്സ് ചെയ്ത ബയോബിന്നുകൾ പൂർണമായി വിതരണം ചെയ്തിട്ടില്ല.	1-21
35	ബയോ ഡൈജസ്റ്റർ ബിൻ വിതരണം - വ്യക്തതയില്ല	1-22
36	ലൈഫ് മിഷൻ -ഭവന പദ്ധതി - നിർമ്മാണത്തിൽ പുരോഗതിയില്ല	1-23
37	ഹോമിയോ മരുന്ന് ലഭ്യമായിട്ടില്ല.	1-24
38	മരുന്ന് വാങ്ങൽ -മുൻകൂർ നൽകി - മരുന്ന് ലഭ്യമായിട്ടില്ല.	1-25
39	മുട്ടക്കോഴികൾ വിതരണം ചെയ്തതിന്റെ കൃത്യമായ വിവരം കൈപ്പറ്റ് സഹിതം ഓഡിറ്റിന് ലഭ്യമാക്കിയില്ല.	1-26

40	ഭിന്നശേഷി വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് അധികം നൽകി	1-27
41	വൃദ്ധജനങ്ങൾക്കുള്ള കട്ടിൽ - വിതരണത്തിൽ അപാകത	1-28
42	മാർഗ്ഗരേഖ പ്രകാരം അനുവദനീയമല്ലാത്ത പ്രൊജക്ടുകൾ നടപ്പാക്കി	1-29
43	പ്രവൃത്തി വൈകി പൂർത്തിയാക്കി - പിഴ ഇടാക്കിയില്ല	1-30
44	അംഗീകാരം ലഭ്യമായിട്ടും പദ്ധതികൾ ഏറ്റെടുത്ത് നടപ്പാക്കിയില്ല	1-31
45	PMAY- വിഹിതം നൽകൽ- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല	1-32
46	ഡെപ്പോസിറ്റ് പ്രവൃത്തികളുടെ വിനിയോഗ വിവരം ലഭ്യമാക്കിയില്ല	1-33
47	കൃഷി ഓഫീസ് അനുബന്ധ ചെലവുകൾ- അപാകതകൾ	1-34
48	തരിശു രഹിത മാറഞ്ചേരി നെൽകൃഷി - രേഖകൾ ഹാജരാക്കിയില്ല	1-35
49	ഹൈമാസ്റ്റ് ലൈറ്റ് റിപ്പയർ- രേഖകൾ ഹാജരാക്കിയില്ല	1-36
50	സ്ട്രീറ്റ് ലൈറ്റ് റിപ്പയർ- അപാകതകൾ	1-37
51	സ്ട്രീറ്റ് ലൈറ്റ് റിപ്പയർ (സ്പിൽ ഓവർ) - അപാകതകൾ	1-38
52	മുറിച്ച് മാറ്റിയ മരങ്ങളുടെ ലേല വിവരം ലഭ്യമാക്കിയില്ല	1-39
53	പദ്ധതി ആസൂത്രണ നിർവഹണ മോണിറ്ററിംഗ് ചെലവുകൾ- രേഖകൾ ലഭ്യമാക്കിയില്ല	1-40
ഭാഗം 2		
--- No Records Found ---		
ഭാഗം 3		
--- No Records Found ---		
ഭാഗം 4		
1	മെഡിസെപ് പ്രീമിയം- ഒടുക്ക് സംബന്ധിച്ച പരിശോധന	4-1
2	വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം	4-2
3	സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം	4-3
4	നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ	4-4
5	മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ	4-5
6	വായ്പ / വായ്പാതിരിച്ചടവ്	4-6

7	സ്ഥിര നിക്ഷേപം	4-7
8	ഓഡിറ്റ് റിക്കവറി	4-8
9	സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.	4-9
10	ചാർജ് /സർചാർജ് നടപടികളുടെ വിവരം	4-10
11	ഓഡിറ്റ് പ്രത്യവലോകനം	4-11
12	തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ	4-12
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	

ഭാഗം -1
പൊതു അവലോകനം

1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. മാറഞ്ചേരി ഗ്രാമ പഞ്ചായത്തിന്റെ 2025 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31.03.2025 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 25.06.2025 തീയതിയിലെ 2/1-ാം നം. തീരുമാനം പ്രകാരം അംഗീകരിച്ച് 30.06.2025 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/ മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ

ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, മാറഞ്ചേരി ഗ്രാമ പഞ്ചായത്തിന്റെ 2024-2025 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31.03.2025 ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2025 ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

മലപ്പുറം
03-02-2026

1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62(2)(ഇ) പ്രകാരമുള്ള കുറിപ്പുകൾ, 62(2)(എഫ്) പ്രകാരമുള്ള അനുപാതങ്ങൾ, 62(3) പ്രകാരമുള്ള മുൻവർഷ താരതമ്യ തുകകൾ എന്നിവ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

1-1-2 ആസ്തി രജിസ്റ്റർ കാലികമാക്കി പരിശോധനക്ക് ലഭ്യമാക്കിയില്ല

ആസ്തി രജിസ്റ്റർ കാലികമാക്കി പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ വാർഷിക കണക്ക് (B-11 Schedule) ആസ്തി രജിസ്റ്ററുമായി പൊരുത്തപ്പെടുന്നുണ്ടോയെന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

1-1-3 ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

ക്യാഷ് ഫ്ലോ സ്റ്റേറ്റുമെന്റിലെ ' Net Increase/(Decrease) In Cash And Cash Equivalance ' ആയി രേഖപ്പെടുത്തിയ തുകയും (2591931) ഇതേ പത്രികയിൽ 'Net Cash Generated By Operating + Investing + Financing Activity (A+B+C) ആയി രേഖപ്പെടുത്തിയ തുകയും (18731064) തുല്യമല്ല.

1-1-4 ബാങ്ക് സ്റ്റേറ്റ്മെന്റ്, റിക്കൺസിലേഷൻ സ്റ്റേറ്റ്മെന്റ് എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയില്ല

താഴെ സൂചിപ്പിച്ച 8 ബാങ്ക് അക്കൗണ്ടുകളുടെ 2025 മാർച്ച് മാസത്തിലെ ഉൾപ്പടെ ബാങ്ക് സ്റ്റേറ്റ്മെന്റ്, റിക്കൺസിലേഷൻ സ്റ്റേറ്റ്മെന്റ് എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ലാത്തതിനാൽ Rp 40(b) പ്രകാരമുള്ള നീക്കിയിരിപ്പ് തുക ഉറപ്പ് വരുത്താനായിട്ടില്ല.റിക്കൺസിലേഷൻ സ്റ്റേറ്റ്മെന്റ് തയ്യാറാക്കാതെ വാർഷിക കണക്ക് തയ്യാറാക്കിയതും , അംഗീകാരം നൽകിയതും ശരിയായ നടപടിയല്ല.

ക്രമനം.	അക്കൗണ്ട്	നീക്കിയിരിപ്പ് തുക

1	South Indian Bank 594073000000202	3253166
2	Canara - 1424201000166	11722
3	Canara - 1424201000167	116289
4	SBI 67139423535	27287
5	Maranchery Co-Op. Bank 7342	4080
6	Other Co-Op. Bank 3081	121745
7	Dist. Co-Op. Bank 090101201000070	363334
8	Dist. Co-Op. Bank 090101000920001	908

1-1-5 ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുകകളും 40(b) പ്രകാരമുള്ള നീക്കിയിരിപ്പ് തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല

താഴെ സൂചിപ്പിച്ച ബാങ്ക് അക്കൗണ്ടുകളുടെ 2025 മാർച്ച് മാസത്തിലെ ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുകകളും 40(b) പ്രകാരമുള്ള നീക്കിയിരിപ്പ് തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല, റിക്കൺസിലേഷൻ സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ലാത്തതിനാൽ 40(b) പ്രകാരമുള്ള നീക്കിയിരിപ്പ് തുക ഉറപ്പ് വരുത്താനായിട്ടില്ല. വ്യതാസം വിശദീകരിക്കേണ്ടതാണ്. ബാങ്ക് അക്കൗണ്ടുകളുടെ റിക്കൺസിലേഷൻ സ്റ്റേറ്റ്മെന്റ് തയ്യാറാക്കാതെ , വ്യത്യാസം വിശദീകരിക്കുന്ന കുറിപ്പ് തയ്യാറാക്കാതെ വരവ് ചെലവ് കണക്കുകൾ അംഗീകരിക്കുന്നത് ശരിയായ നടപടിയല്ല.

ക്രമനം.	അക്കൗണ്ട്	നീക്കിയിരിപ്പ് Rp 40(b) പ്രകാരം	നീക്കിയിരിപ്പ്- ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം
1	Other Co-Op Bank 4080	2463214	2680758
2	Federal Bank 17060200000805	8147730	8310130
3	ST 799013000000366	764178	0
4	Federal Bank 17060100144703	7025372	7029655

1-1-6 ലോൺ അക്കൗണ്ട് വിവരങ്ങൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല

A) ലോൺ അക്കൗണ്ട് വിവരങ്ങൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല

വരവ്		മുൻബാക്കി		തിരിച്ചടവ്		ബാക്കി	
രജിസ്റ്റർ	AFS	രജിസ്റ്റർ	AFS	രജിസ്റ്റർ	AFS	രജിസ്റ്റർ	AFS
15766900	15819974	46025850	46139027	4412277	2963649	57380473	58995352

B) ലോൺ തിരിച്ചടവിന്റെ (GO പ്രൊജക്ട് പകാരമുള്ള) വിവരങ്ങൾ Income And Expenditure Statement ലെ I 14 (B) ൽഡ്യൂളിൽ ഉൾപ്പെടുത്തിയില്ല.

1-1-7 Fixed Asset Depreciation കണക്കാക്കിയതിന്റെ വിവരം ലഭ്യമാക്കിയില്ല.

ബാലൻസ് ഷീറ്റ് B-11 പ്രകാരമുള്ള Fixed Asset Depreciation കണക്കാക്കിയതിന്റെ അനുബന്ധ വിവരങ്ങൾ (Rate Of Depreciation, Book Value Of Asset, Life Time Of Asset Etc) പരിശോധനക്ക് ലഭ്യമാക്കിയില്ല. (2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, ചട്ടം 58 – 4 (ജി))

1-1-8 രജിസ്റ്ററുകളിൽ വാർഷിക സംക്ഷിപ്തം രേഖപ്പെടുത്തി സാക്ഷ്യപ്പടുത്തിയിട്ടില്ല

ചുവടെ ചേർത്ത രജിസ്റ്ററുകളിൽ വാർഷിക സംക്ഷിപ്തം രേഖപ്പെടുത്തി സാക്ഷ്യപ്പടുത്തി പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ വാർഷിക കണക്കിൽ രേഖപ്പെടുത്തിയ തുകകളുടെ കൃത്യത ഉറപ്പ് വരുത്താനായിട്ടില്ല.

A) കെട്ടിട നിർമ്മാണ പെർമിറ്റ് രജിസ്റ്റർ

B) കെട്ടിട ക്രമവൽക്കരണ രജിസ്റ്റർ

C) ലേലം രജിസ്റ്റർ

D) പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്റ്റർ

E) ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്റ്റർ

F) ഓഡിറ്റ് റിക്കവറി രജിസ്റ്റർ

1-1-9 തൊഴിലുറപ്പ് പദ്ധതി ഭരണ ചെലവ് തുകയുടെ വരവ് ചെലവ് കണക്കുകൾ പൊരുത്തപ്പെടുന്നില്ല

തൊഴിലുറപ്പ് പദ്ധതി ഭരണ ചെലവ് തുകയുടെ വരവ് ചെലവ് കണക്കുകൾ വാർഷിക കണക്കും രജിസ്റ്റർ വിവരങ്ങളുമായി ചുവടെ ചേർത്ത പ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു. വ്യത്യാസം വിശദീകരിക്കേണ്ടതാണ്.

വരവ്		ചെലവ്		വ്യത്യാസം
AFS RP 30	രജിസ്റ്റർ/രേഖകൾ	AFS I-14F	രജിസ്റ്റർ/രേഖകൾ	
904751	906749	907275	909273	1998

1-1-10 കാഷ് ബുക്ക്, ബാങ്ക് റിക്കൺസിലേഷൻ പത്രിക എന്നിവ സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

കാഷ് ബുക്ക്, ബാങ്ക് റിക്കൺസിലേഷൻ പത്രിക എന്നിവ യഥാസമയം പരിശോധിച്ച് സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

1-1-11 വൈദ്യുതി ബോർഡിന് നൽകിയ അഡ്വാൻസ് തുകയിൽ വ്യത്യാസം

ഡേപ്പോസിറ്റ് രജിസ്റ്റർ പ്രകാരം വൈദ്യുതി ബോർഡിന് ക്ക് അഡ്വാൻസ് നൽകിയത് 750003 രൂപയാണ് എന്നാൽ വാർഷിക കണക്ക് RP 49 ഷെഡ്യൂൾ പ്രകാരം ഇത് 738878 രൂപയാണ്. വ്യത്യാസം വിശദീകരിക്കേണ്ടതാണ്.

1-1-12 അഡ്വാൻസ് രജിസ്റ്ററിൽ വ്യക്തമായ വിവരം ഇല്ല

ബാലൻസ് ഷീറ്റ് B18 പ്രകാരമുള്ള ചുവടെ ചേർത്ത ഇനങ്ങളിലെ നീക്കിയിരിപ്പ് വിവരം അഡ്വാൻസ് രജിസ്റ്ററിൽ ഇല്ല.

A) 460160199 Other Advance – നീക്കിയിരിപ്പ് തുക Rs. 39500/-

B) 460500499 Advance To Other Agencies - നീക്കിയിരിപ്പ് തുക Rs. 9449/-

1-1-13 ACR, AFS പ്രകാരമുള്ള വരവ് തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

ചുവടെ ചേർത്ത ഫണ്ട് തുകകൾ ACR, AFS പ്രകാരമുള്ള വരവ് തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല. വ്യത്യാസം വിശദീകരിക്കേണ്ടതാണ്.

ഫണ്ട്	ACR പ്രകാരമുള്ള തുക	AFS I-6 പ്രകാരമുള്ള തുക
വികസന ഫണ്ട് ജനറൽ	20329212	23820807
വികസന ഫണ്ട് SCP	3518327	4345661
CFC Basic	6422491	2555251
CFC Tied	3462070	399650

1-1-14 തൊഴിൽ നികുതി- കളക്ഷൻ തുകയിൽ വ്യത്യാസം

തൊഴിൽ നികുതി-ജീവനക്കാർ ഇനത്തിലെ ഡിമാന്റ്, കളക്ഷൻ തുകകൾ രജിസ്റ്റർ പ്രകാരം 1363870 രൂപയാണ്. എന്നാൽ വാർഷിക കണക്ക് പ്രകാരം കളക്ഷൻ തുക 1325870 രൂപയാണ്. 38000 രൂപയുടെ വ്യത്യാസം കാണുന്നു.വ്യത്യാസം വിശദീകരിക്കേണ്ടതാണ്.

1-2 ബജറ്റ്

2024-25 ലെ ബജറ്റ് പാസ്സാക്കിയ തീരുമാന നം./തിയ്യതി	പുതുക്കിയ തീരുമാന നം./തിയ്യതി
1(1)/ തീയതി-08.02.2024	2(1)/ തീയതി-07.03.2025

1-3 സാമ്പത്തിക വിശകലനം

മുന്നിരിപ്പ്	24867492
വരവ്	108592168
ആകെ	133459660
ചെലവ്	104239755
നീക്കിയിരിപ്പ്	29219905

1-4 ഫണ്ട് വിനിയോഗം

ഫണ്ടിനം	മുൻബാക്കി	തൻവർഷ വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്
വികസനഫണ്ട് (ജനറൽ)	0	20329212	20329212	20329212	0
വികസനഫണ്ട് (എസ്.സി.പി.)	0	3622111	3622111	3518327	103784
സംരക്ഷണഗ്രാന്റ് (റോഡ്)	0	19969000	19969000	19201613	767387
സംരക്ഷണഗ്രാന്റ് (റോഡിതരം)	0	6111000	6111000	5884084	226916
കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ്(ടൈഡ്)	0	9506549	9506549	3462070	6044479
കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ്(അൺ ടൈഡ്)	0	4321623	4321623	6422491	-2100868

1-5 പദ്ധതി അവലോകനം

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ	നടപ്പാക്കിയത് (എണ്ണം)	ചെലവഴിച്ച തുക	ഭാഗികമായി നടപ്പാക്കിയത (എണ്ണം)	നടപ്പാക്കാത്തത് (എണ്ണം)	പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം

331	306546813	247	129654382	-	84	74.62

1-6 തൊഴിലുറപ്പ് പദ്ധതി

വരവ് ചെലവ് കണക്കുകൾ വാർഷിക കണക്കിൽ തെറ്റായാണ് ചേർത്തിട്ടുള്ളത്. Bd/വ്യാത്യാസം ഖണ്ഡിക 1-1-9 ൽ വിശദമായി പരാമർശിച്ചത് കാണുക.

ഇനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്
ഭരണ ചെലവുകൾ	3094	906749	909843	909273	570
ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത്	0	24327498	24327498	24327498	0

1-7 ക്ഷേമ പെൻഷൻ

ക്ഷേമപദ്ധതിയുടെ പേര്	ചെലവഴിച്ച തുക	ഗുണഭോക്താക്കളുടെ എണ്ണം
കർഷകതൊഴിലാളി പെൻഷൻ	4845000	269
വിധവാ പെൻഷൻ	23031600	1529
വാർദ്ധക്യകാലപെൻഷൻ	51602900	3610
വികലാംഗപെൻഷൻ	7928500	512
വിവാഹ ധനസഹായം	360000	12
50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ	916800	58

1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 12-01-2026 ന് 2.45 Pm ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 33,913/- രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-9 അഭ്യന്തര നിയന്ത്രണം

1.വാർഷിക കണക്കുകൾ തയ്യാറാക്കിയതിൽ അപാകതകൾ ഉണ്ടായിട്ടുണ്ട് (വിശദാംശങ്ങൾ ഖ.1-1 ന്റെ ഉപ ഖണ്ഡികകളായി ചേർത്തിരിക്കുന്നു)
2. വരവിനങ്ങൾ വർദ്ധിപ്പിക്കുന്നതിലും വസ്തു നികുതി ചുമത്തുന്നതിലും കാര്യക്ഷമമായ നടപടികൾ സ്വീകരിക്കാനായിട്ടില്ല (വിശദമായ പരാമർശങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്)
3. പദ്ധതി രൂപീകരണ മാർഗ്ഗരേഖയും സബ്സിഡി മാർഗ്ഗരേഖയും പാലിക്കുന്നതിൽ അപാകതകൾ ഉണ്ടായിട്ടുണ്ട്.
4. വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് സമിതികളായി പ്രവർത്തിക്കുന്നില്ല. പദ്ധതി മോണിറ്ററിംഗ് കാര്യക്ഷമമല്ല.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തിയ്യതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തിയ്യതി
എ.ജി ഓഡിറ്റ്	18.03.2011	2009-2010	27.04.2011
പെർഫോമൻസ് ഓഡിറ്റ്	24.04.2023	2022-2023	ലഭിച്ചിട്ടില്ല

1-11 ഹെൽത്ത് ഗ്രാന്റ് വിനിയോഗവും ഫലപ്രാപ്തിയും - അവലോകനം

ആമുഖം

പതിനഞ്ചാം കേന്ദ്ര ധനകാര്യകമ്മീഷന്റെ അന്തിമ റിപ്പോർട്ടിലെ ഏഴാം അദ്ധ്യായത്തിൽ (Empowering Local Governments) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായി 4,27,911/- കോടി രൂപ 2021-22 മുതൽ 2025-26 വരെ അവാർഡ് നൽകുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. ഇതിൽ 70,051/- കോടി രൂപ പ്രാഥമിക ആരോഗ്യ പരിരക്ഷാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി നീക്കിവച്ചിട്ടുമുണ്ട്. ആരോഗ്യ മേഖലയിലേക്ക് നൽകുന്ന ധനകാര്യക്കമ്മീഷൻ അവാർഡ് തുകയുടെ വിനിയോഗ മാർഗരേഖ കേന്ദ്ര ധനകാര്യ മന്ത്രാലയം 16.07.2021 ലെ 15(2) FC-XV/FCD/2020-25 നമ്പർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ഗ്രാമ മേഖലയിലേക്ക് പ്രധാനമായും താഴെ ചേർക്കുന്ന 4 സ്കീമുകളിലായിട്ടാണ് അവാർഡ് തുക വിഭജനം നടത്തിയിട്ടുള്ളത്. ഈ ഗ്രാന്റ് 2021-22 വർഷം മുതൽ 2025-26 വർഷം വരെയാണ് അനുവദിക്കുന്നത്.

ക്രമ	ഗ്രാന്റ് അനുവദിക്കുന്ന സ്കീമിന്റെ പേര്

നം.	
1	കെട്ടിടങ്ങൾ ഇല്ലാത്ത കുടുംബാരോഗ്യ ഉപകേന്ദ്രങ്ങൾക്കും കുടുംബാരോഗ്യ കേന്ദ്രങ്ങൾക്കും (ഗ്രാമ പഞ്ചായത്തുകൾ) സാമൂഹികാരോഗ്യ കേന്ദ്രങ്ങൾക്കും (ബ്ലോക്ക് പഞ്ചായത്തുകൾ) കെട്ടിടം നിർമ്മിക്കുവാൻ സഹായം
2	ബ്ലോക്ക് പൊതുജനാരോഗ്യ കേന്ദ്രങ്ങൾക്ക് സഹായം
3	ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യ സ്ഥാപനങ്ങളിൽ രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ
4	ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യ സ്ഥാപനങ്ങൾ മുഖേന ഹെൽത്ത് ആൻഡ് വെൽനെസ്സ് പ്രവർത്തനങ്ങൾ നടപ്പാക്കൽ

ഹെൽത്ത് ഗ്രാന്റ് വിനിയോഗവും ഫലപ്രാപ്തിയും

ഡി.കെ.എസ്.എ. /201/ PT 1/ 2025 തീയതി 16.05.2025 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ 2024-25 വാർഷിക ഓഡിറ്റിന്റെ ഭാഗമായി പതിനഞ്ചാം കേന്ദ്ര ധനകാര്യക്കമ്മീഷന്റെ ശുപാർശ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭിച്ചിട്ടുള്ള ഹെൽത്ത് ഗ്രാന്റ് ഒരു പൊതുവിഷയമായി പരിശോധന നടത്തി ഏകീകൃത സ്വഭാവമുള്ള നിരീക്ഷണങ്ങൾ / പരാമർശങ്ങൾ ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. ആയത് പ്രകാരം വിവരങ്ങൾ ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറി നം. 3/15.09.2025ന് ലഭ്യമാക്കിയ മറുപടിയും 2021-22 മുതലുള്ള "സുലേഖ" ചെലവ് പത്രികകളും ഹെൽത്ത് ഗ്രാന്റ് സംബന്ധിച്ച മറ്റ് രേഖകളും പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, മാറഞ്ചേരി ഗ്രാമപഞ്ചായത്തിന് നാളിതു വരെ ലഭ്യമായിട്ടുള്ള ഹെൽത്ത് ഗ്രാന്റിന്റെ വിനിയോഗവും ഫലപ്രാപ്തിയും സംബന്ധിച്ച വിശദവിവരങ്ങൾ താഴെ കൊടുക്കുന്നു.

1) ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ ഗ്രാമപഞ്ചായത്തിന് ലഭിച്ച തുകയുടെ വിവരങ്ങൾ

വർഷം	സ്കീം -1 Grants For Specific Purposes - Health Grant Towards Buildingless Subcentres, PHCs And CHCs	സ്കീം - 3 Grants For Specific Purposes - Health Grant Towards Support For Diagnostic InfraStructure To The PHCs	സ്കീം - 4 Grants For Specific Purposes - Health Grant Twards Conversion Of PHCs And Subcentres In To Health And Wellness Centres	ആകെ
2021-22	0	0	0	**0**
2022-23	0	474902	268883	**743785**
2023-24	2775000	1100000	449000	**4324000**
2024-25	0	748000	716000	**1464000**
ആകെ	**2775000**	**2322902**	**1433883**	**6531785**

2) ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ ചെലവഴിച്ച തുകയുടെ വിവരങ്ങൾ (വർഷം, സ്കീം, ഇനം)

വർഷം	സ്കീം -1	സ്കീം - 3	സ്കീം - 4	ആകെ
2021-22	0	0	0	**0**
2022-23	0	430219	268464	**698683**
2023-24	0	74583	8979	**83562**
2024-25	0	439402	100331	**539733**
ആകെ	**0**	**944204**	**377774**	**1321978**

3) ബാലൻസ് ഷീറ്റ് പ്രകാരം 2024-25 വർഷത്തിൽ ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ നീക്കിയിരിപ്പുള്ള തുകയുടെ വിവരങ്ങൾ (പലിശ ഉൾപ്പെടെ)

സ്കീം	**അക്കൗണ്ട് ശീർഷകം**	**B4 പ്രകാരമുള്ള നീക്കിയിരിപ്പ് ബാലൻസ്**
സ്കീം 1	320100203	2891121
സ്കീം 3	320100204	1078640
സ്കീം 4	320100202	1140785
ആകെ		**5110546**

4) ഹെൽത്ത് ഗ്രാന്റ് ഉപയോഗപ്പെടുത്തി നാളിതുവരെ നടപ്പിലാക്കിയ പദ്ധതികളുടെ പേരുവിവരം

വർഷം	**പദ്ധതിയുടെ പേര്**	**ചെലവ് തുക**	
2022-23	രോഗ നിർണ്ണയ സൌകര്യങ്ങൾ ഏർപ്പെടുത്തൽ	430219	698683
2022-23	കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപ കേന്ദ്രങ്ങളിലും ഹെൽത്ത് ഗ്രാന്റ് വെൽനെസ്സ് പ്രവർത്തനങ്ങൾ നടപ്പാക്കൽ	268464	
2023-24	രോഗ നിർണ്ണയ സൌകര്യങ്ങൾ ഏർപ്പെടുത്തൽ	74583	83562
2023-24	കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപ കേന്ദ്രങ്ങളിലും ഹെൽത്ത് ഗ്രാന്റ് വെൽനെസ്സ് പ്രവർത്തനങ്ങൾ നടപ്പാക്കൽ	8979	
2024-25	രോഗ നിർണ്ണയ സൌകര്യങ്ങൾ ഏർപ്പെടുത്തൽ	439402	539733
2024-25	കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപ കേന്ദ്രങ്ങളിലും ഹെൽത്ത് ഗ്രാന്റ് വെൽനെസ്സ് പ്രവർത്തനങ്ങൾ നടപ്പാക്കൽ	100331	

5) ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയതിന്റെ വിവരം.

ഇല്ല.

1-12 ജലജീവൻ മിഷൻ പദ്ധതി- അവലോകനം

കേരളത്തിലെ എല്ലാ ഗ്രാമീണ ഭവനങ്ങളിലും 2024 ഓടുകൂടി കുടിവെള്ള കണക്ഷൻ നൽകുന്നതിനായി കേന്ദ്ര-സംസ്ഥാന സർക്കാറുകൾ 50:50 നിരക്കിൽ ഫണ്ട് ഉപയോഗിച്ചുകൊണ്ട് സംയുക്തമായി നടപ്പിലാക്കുന്നതാണ് ജൽജീവൻ മിഷൻ പദ്ധതി. ഇതിൽ സംസ്ഥാന വിഹിതത്തിൽ ഉൾപ്പെടുന്ന പഞ്ചായത്ത് വിഹിതം 15% വും ഗുണഭോക്തൃ വിഹിതം 10% ആണെന്ന് നിശ്ചയിച്ചിട്ടുണ്ട്.

മലപ്പുറം ജില്ലയിലെ മാറഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ ജൽജീവൻ മിഷൻ പദ്ധതിയുടെ ഫണ്ട് വിനിയോഗ വിവരം താഴെ കൊടുക്കുന്നു. പരിശോധനക്ക് ലഭ്യമായ രേഖകൾ ഓഡിറ്റ് എൻകയറിക്കുള്ള (നം.5/06.01.2026) മറുപടി എന്നിവയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയതാണ്.

1) കേരള വാട്ടർ അതോറിറ്റി നടപ്പിലാക്കുന്ന ജൽജീവൻ മിഷൻ പദ്ധതിയുടെ ഗ്രാമപഞ്ചായത്ത് വിഹിതമായ 15% തുക 2021-22 മുതൽ 2024-25 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ അടവാക്കിയിട്ടില്ല.
2) പദ്ധതി പ്രകാരം വാട്ടർ അതോറിറ്റിക്ക് 10% ഗുണഭോക്തൃ വിഹിതം കൈമാറിയിട്ടില്ല

3) 2021-22 മുതൽ 2024-25 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ ഗുണഭോക്തൃ വിഹിതമിനത്തിൽ ഗ്രമപഞ്ചായത്ത് തുക പിരിച്ചെടുത്തിട്ടില്ല.
4) ഭരണസമിതി അംഗീകാരം നൽകാത്തതിനാൽ ജൽജീവൻ മിഷൻ പദ്ധതിക്ക് തുക വകയിരുത്തിയിട്ടില്ല.

5) ജൽജീവൻ മിഷൻ പദ്ധതിക്കായി പൊളിച്ച റോഡുകളുടെ പുനരുദ്ധാരണത്തിനായി കേരള വാട്ടർ അതോറിറ്റിയിൽ നിന്നും നാളിതുവരെ ഫണ്ട് ലഭിച്ചിട്ടില്ല.

1-13 റേഷൻകടകൾ, മാവേലി സ്റ്റോറുകൾ - ലൈസൻസ്,തൊഴിൽ നികുതി വിവരം ലഭ്യമാക്കേണ്ടതാണ്.

1996-ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ (തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 31.10.2017 ലെ ജി.ഒ.(പി) നം.80/2017/ത.സ്വ.ഭ.വ, എസ്.ആർ.ഒ നമ്പർ 674/2017 പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപന പ്രകാരം ചട്ടത്തിന്റെ പേരിലെ ബ്രാക്കറ്റിലുള്ള ഭാഗം (ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) എന്നാക്കി ഭേദഗതി ചെയ്തിട്ടുണ്ട്). പട്ടിക I ക്രമ നമ്പർ 149 പ്രകാരം റീട്ടെയിൽ റേഷൻ ഡിപ്പോ, മാവേലി സ്റ്റോർ, കൺസ്യൂമർ സ്റ്റോർ മുതലായവയിൽ നിന്ന് ലൈസൻസ് നൽകി ഫീസ് ഈടാക്കുവാൻ ഗ്രാമപഞ്ചായത്തിന് അധികാരമുണ്ട്.

എന്നാൽ ഗ്രാമപഞ്ചായത്ത് ലൈസൻസ് രജിസ്റ്ററിൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾ, മാവേലി സ്റ്റോറുകൾ എന്നിവയെ സംബന്ധിച്ചുള്ള വിവരം ലഭ്യമല്ല. മാത്രമല്ല, ഇത്തരം സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതിയും ഈടാക്കിയിട്ടില്ല.

പഞ്ചായത്ത് ഡയറക്ടർ 18.08.2017 ന് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്ക് അയച്ച സി4-25910/17 നമ്പർ കത്ത്, സിവിൽ സപ്ലൈസ് ഡയറക്ടർ ജില്ലാ സപ്ലൈ ഓഫീസർമാർക്ക് അയച്ച നമ്പർ (സി.എസ്.)എ9-764/2019 തിയതി: 22-01-2019, കത്ത് എന്നിവയിൽ റേഷൻകടകളെ പഞ്ചായത്ത് ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ

ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കാൻ കഴിയില്ല എന്ന് അറിയിച്ചിട്ടുള്ളതാണ്.

ഗ്രാമപഞ്ചായത്തിൽ റേഷൻ കടകൾ, മാവേലി സ്റ്റോറുകൾ പ്രവർത്തിക്കുന്നില്ലെങ്കിൽ അക്കാര്യം വ്യക്തമാക്കേണ്ടതും, അല്ലായെങ്കിൽ മേൽ സ്ഥാപനങ്ങളെ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കേണ്ടതും ഇത്തരം സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിക്കാത്തതിന്റെയും തൊഴിൽ നികുതി ഈടാക്കാത്തതിന്റെയും കാരണം വിശദീകരിക്കേണ്ടതുമാണ്. (ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. 07/06.01.2026 - മറുപടി ലഭ്യമാക്കിയിട്ടില്ല)

1-14 അനധികൃത നിർമ്മാണങ്ങൾ-ഫീൽഡ് പരിശോധന/പോസ്റ്റ് ഒക്കുപ്പൻസി ഓഡിറ്റ് വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്

2011 കേരളാ പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 17 (1) പ്രകാരം ഒരു കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയിക്കപ്പെട്ടതിനുശേഷം കെട്ടിടത്തിന്റെ തറവിസ്തീർണ്ണത്തിലോ ഉപയോഗക്രമത്തിലോ കെട്ടിട ഉടമ വരുത്തുന്ന ഏതൊരു മാറ്റവും 30 ദിവസത്തിനകം രേഖാമൂലം സെക്രട്ടറിയെ അറിയിക്കേണ്ടതും പുതുക്കിയ വസ്തുനികുതി റിട്ടേൺ സമർപ്പിക്കേണ്ടതുമാണ്. 2023 ലെ വസ്തു നികുതി പുതുക്കി നിർണ്ണയിക്കൽ സംബന്ധിച്ച, സ.ഉ(കൈ) നം. 77/2023/LSGD തിയതി 22.03.2023 നമ്പർ ഉത്തരവിലെ ക്രമ നമ്പർ 7 നിർദ്ദേശം പ്രകാരവും മേൽ കാര്യം വ്യകതമാക്കിയിട്ടുണ്ട്. മേൽ ഉത്തരവിലെ ക്രമ നം. 10 നിർദ്ദേശം പ്രകാരം കെട്ടിട ഉടമ വിവരം അറിയിച്ചാലും ഇല്ലെങ്കിലും കെട്ടിടങ്ങളുടെ ശരിയായ വിവരം ഫീൽഡ് പരിശോധന നടത്തി സോഫ്റ്റ് വെയറിൽ ചേർക്കേണ്ടതും ഈ വിവരങ്ങളുടെ അടിസ്ഥാനത്തിൽ മാറ്റം വന്ന കാലം മുതൽ നികുതി പുനർനിർണ്ണയിക്കേണ്ടതും ഇതിനാവശ്യമായ പരിശോധനകൾ 30.06.2023 ന് മുമ്പായി പൂർത്തീകരിക്കേണ്ടതുമാണ് എന്ന് വ്യക്തമാക്കിയിരുന്നതുമാണ്.

കേരളാ പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019 ചട്ടം 21 പ്രകാരം ഒക്യുപൻസി സർട്ടിഫിക്കറ്റ് അനുവദിച്ച് 2 വർഷത്തിനു ശേഷം ഏത് സമയത്തും സെക്രട്ടറിക്ക് രണ്ട് നിലകൾ വരെയുള്ള വാസഗൃഹങ്ങൾ, 50 ച മീ വരെയുള്ള വാണിജ്യകെട്ടിടങ്ങൾ, ആരാധനാകെട്ടിടങ്ങൾ, G1, G2, I ഒക്യുപൻസികൾ എന്നിവ ഒഴികെയുള്ള കെട്ടിടങ്ങൾക്ക് പോസ്റ്റ് ഒക്യുപൻസി ഓഡിറ്റ് നടത്തേണ്ടതാണ് എന്ന് വ്യക്തമാക്കുകയും, തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 04.01.2019ലെ സർക്കുലർ നം. ആർ.എ.1/20/2018-ത.സ്വ.ഭ.വ സർക്കുലർ പ്രകാരം ചട്ടപ്രകാരം കെട്ടിടങ്ങളുടെ പാർക്കിംഗിനായി നീക്കിവെച്ച സ്ഥലം മറ്റ് ആവശ്യങ്ങൾക്കായി ഉപയോഗപ്പെടുത്തുന്നില്ല എന്നത് പരിശോധനയിൽ ഉറപ്പാക്കാൻ ഒക്കുപ്പൻസി നൽകുമ്പോൾ കംപ്ലീഷൻ പ്ലാനിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് അപേക്ഷകന് നൽകേണ്ടതാണെന്ന് നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്.

കെട്ടിട നമ്പർ/ഒക്കുപ്പൻസി അനുവദിക്കപ്പെട്ട കെട്ടിടങ്ങളിലെ അനധികൃത നിർമ്മാണങ്ങൾ/മാറ്റങ്ങൾ കണ്ടെത്തി യഥാസമയം തുടർനടപടി സ്വീകരിക്കേണ്ടത് സംബന്ധിച്ചാണ് മേൽ ചട്ടങ്ങളും സർക്കാർ ഉത്തരവുകളും സർക്കുലറും നിർദ്ദേശങ്ങളും വ്യക്തമാക്കിയിട്ടുള്ളത്. ആയവ പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ എത്ര കെട്ടിടങ്ങൾക്ക് ഫീൽഡ് പരിശോധന നടത്തി നികുതി പുനർനിർണ്ണയം നടത്തിയിട്ടുണ്ടെന്നും എത്ര കെട്ടിടങ്ങൾക്ക് പോസ്റ്റ് ഓഡിറ്റ് നടത്തിയിട്ടുണ്ടെന്നും, കെട്ടിടങ്ങൾക്ക് മാറ്റം വന്നിട്ടുള്ളതായി പരിശോധനയിൽ കണ്ടെത്തി തുടർനടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതും സംബന്ധിച്ച രേഖകളും വിവരങ്ങളും ലഭ്യമാക്കേണ്ടതാണ്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകയറി നം.08/06.01.2026 ന് സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതക്ക് മറുപടി ലഭ്യമാക്കേണ്ടതും, വസ്തു നികുതി, അനധികൃത നിർമ്മാണങ്ങൾ സംബന്ധിച്ച മേൽ സർക്കാർ ഉത്തരവുകൾ പ്രകാരമുള്ള നടപടികൾ പൂർത്തീകരിച്ച് കെട്ടിടങ്ങളുടെ പൂർണ്ണ വിവരങ്ങൾ സഞ്ചയയിൽ ഉൾപ്പെടുത്തി വിവരം ലഭ്യമാക്കേണ്ടതുമാണ്.

1-15 വാർത്താ വിനിമയ ഗോപുരങ്ങളുടെ പെർമിറ്റ്, നമ്പറിംഗ്, നികുതി നിർണ്ണയം-അപാകതകൾ

2024-25 ലെ വിവിധ കെട്ടിടങ്ങളുടെ പെർമിറ്റ്, നമ്പറിംഗ്, വസ്തു നികുതി വിവരങ്ങൾ പരിശോധിക്കുന്നതിന്റെ ഭാഗമായി, പെർമിറ്റ് രജിസ്റ്റർ പ്രകാരം ഗ്രാമപഞ്ചായത്തിൽ മുൻവർഷങ്ങളിൽ പെർമിറ്റിന് അപേക്ഷിച്ച വിവിധ വാർത്താ വിനിമയ ഗോപുരങ്ങളുടെ എണ്ണവും, സഞ്ചയ പ്രകാരം നിലവിൽ ഗ്രാമപഞ്ചായത്ത് നമ്പർ അനുവദിച്ച് നികുതി അടവാക്കി കൊണ്ട് പ്രവർത്തിക്കുന്ന വാർത്താ വിനിമയ ഗോപുരങ്ങളുടെ വിവരങ്ങളും പരിശോധിച്ചു.

ലഭ്യമാക്കിയ പെർമിറ്റ് രജിസ്റ്ററുകൾ പ്രകാരം 2017-18 മുതൽ 2024-25 വരെ കാലയളവിൽ 19 പെർമിറ്റ് അപേക്ഷകളാണ് ലഭ്യമായത്. ഇതിൽ 9 വാർത്താ വിനിമയ ഗോപുരങ്ങൾക്ക് ക്രമവൽക്കരണവും അല്ലാതെയുമായി നമ്പർ അനുവദിച്ചിട്ടുണ്ട്. ബാക്കി 10 എണ്ണത്തിൽ 9 എണ്ണത്തിനും പെർമിറ്റ്/ഇന്റിമേഷൻ ഫീസ് ഈടാക്കിയിട്ടുണ്ടെങ്കിലും നാളിതുവരെ നമ്പർ അനുവദിക്കാത്തതായും, ഒരെണ്ണം അപാകത കാരണം ഫീസ് ഈടാക്കാതെ അപേക്ഷ നിരസിച്ചതായും ഉണ്ട്. മേൽ 10 എണ്ണത്തിന്റെ രജിസ്റ്റർ പ്രകാരമുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം	രജിസ്റ്ററിലെ ക്രമ നം, ഇൻവാർഡ്/ ഫയൽ നമ്പർ.	അപേക്ഷകന്റെ/കമ്പനി പേര്	സർവ്വേ നം.
1	79/17-18, 5431/17/09.08.17	റിലയൻസ് ജിയോ	P47/11
2	37/18-19, 3484/18/21.05.18	റിലയൻസ് ജിയോ	34/4
3	71/18-19, 5184/18/04.07.18	റിലയൻസ് ജിയോ	55/14
4	132/18-19, 8202/18/15.11.18	ഇൻഡസ് ടവർ	രേഖപ്പെടുത്തിയിട്ടില്ല
5	27/21-22, 3594/21/05.08.21 കുറിപ്പ്-അപേക്ഷ നിരസിച്ചു	ഇൻഡസ് ടവർ	106/1-4.
6	141/21-22, 1179/22/25.02.22	സമ്മിറ്റ് ഡിജിറ്റൽ ഇൻഫ്രാസ്ട്രക്ചർ	9/26-11
7	73/22-23, 2142/22/24.08.22- നിരസിച്ചതിനാൽ പുതുക്കിയത്- 131/22-23, 4386/22/09.11.22	ടവർ വിഷൻ ഇന്ത്യ ലിമിറ്റഡ്	156/3
8	181/22-23, 131/13.01.23	ഇൻഡസ് ടവർ	127/2B-11
9	309/22-23, 1063/07.03.23	PNNNR	45/2-1, 407/2-10, 107/2-8

10	11/23-24, 1317/24.02.24	സമ്മിറ്റ് ഡിജിറ്റൽ ഇൻഫ്രാസ്ട്രക്ചർ	201/5-1

പട്ടികയിലെ ക്രമ നം. 6, 8, 9, 10 എന്നിവ 2023-24 ലെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിരുന്നതാണെങ്കിലും നാളിതുവരെ നമ്പർ അനുവദിച്ചതായി കാണുന്നില്ല. മേൽ അപേക്ഷകൾ പ്രകാരമുള്ള ടവറുകൾക്ക് അപേക്ഷ ലഭിച്ച് വർഷങ്ങളായിട്ടും നമ്പർ അനുവദിച്ചതായുള്ള വിവരം ഇല്ല.

മേൽ ടവറുകൾ അതത് സൈറ്റുകളിൽ നിർമ്മാണം നടന്നതായോ/പൂർത്തീകരിച്ച് നമ്പർ ലഭിക്കാതെ/നികുതി അടവാക്കാതെ പ്രവർത്തനമാരംഭിച്ചിട്ടുണ്ടോ എന്നത് ഉൾപ്പടെയുള്ള കാര്യങ്ങൾ പരിശോധിച്ചിട്ടുണ്ടെങ്കിൽ രേഖകൾ, ടവറുകളുടെ ലൊക്കേഷൻ വിവരം, നികുതി നിർണ്ണയിച്ച് നമ്പർ അനുവദിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ ഫയൽ/അനുബന്ധ രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. 15/09.01.2026ന് മറുപടി ലഭ്യമായിട്ടില്ല.
മേൽ ടവറുകൾ അതാത് സൈറ്റുകളിൽ എഞ്ചിനിയറിംഗ് വിഭാഗവുമായി ചേർന്ന് പരിശോധന നടത്തി, നിർമ്മാണം നടന്നതായോ/പൂർത്തീകരിച്ച് നമ്പർ ലഭിക്കാതെ/നികുതി അടവാക്കാതെ പ്രവർത്തനമാരംഭിച്ചിട്ടുണ്ടോ എന്നത് ഉൾപ്പടെയുള്ള കാര്യങ്ങൾ പരിശോധിച്ച് നമ്പർ ലഭ്യമാകാതെ/നികുതി അടവാക്കാതെ പ്രവർത്തിച്ച് വരുന്നവയുടെ മേൽ ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിച്ച് ബാധകമായ നികുതി ഈടാക്കി ബന്ധപ്പെട്ട രജിസ്റ്ററുകളിലും മറ്റും രേഖപ്പെടുത്തലുകൾ നടത്തി, സ്ഥല പരിശോധന നടത്തിയതിന്റെ റിപ്പോർട്ട് ഉൾപ്പടെയുള്ള രേഖകൾ സഹിതം വിവരം ലഭ്യമാക്കേണ്ടതാണ്.

1-16 പരിഷ്കരിച്ച നിരക്കിലുള്ള വസ്തു നികുതി ചുമത്തിയില്ല

തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പിന്റെ 2023 ഏപ്രിൽ 10-ലെ വിജ്ഞാപനം നമ്പർ 1302 പ്രകാരമുള്ള സർക്കാർ ഉത്തരവ് (അച്ചടി) നം. 25/2023/LSGD തിയ്യതി. 05.04.2023 ൽ നിർദ്ദേശിച്ച 01.04.2023 പ്രാബല്യത്തിലുള്ള പുതുക്കിയ വസ്തു നികുതി നിരക്കുകൾ ഗ്രാമപഞ്ചായത്ത് ഭരണസമിതി 17.05.2023ലെ 4(1) നമ്പർ തീരുമാന പ്രകാരം നിശ്ചയിച്ച് Sc3-400925/ PTRV03/GPO/2023/3166/19.09.2023 നമ്പർ അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളതാണ്.

01.04.2023 നും ഗ്രാമപഞ്ചായത്തിന്റെ അന്തിമ വിജ്ഞാപനം ഇറങ്ങുന്നതിനുമിടക്കുള്ള കാലയളവിൽ ഗ്രാമപഞ്ചായത്തിൽ സമർപ്പിച്ചിരുന്ന നമ്പറിംഗ് അപേക്ഷകളിൽ പഴയ നിരക്കിൽ തന്നെയായിരുന്നു നികുതി നിർണ്ണയിച്ച് നൽകിയിരുന്നത്. പിന്നീട് അന്തിമ വിജ്ഞാപനത്തിന് ശേഷം ഇവ പുതുക്കിയ നികുതി നിരക്കുകൾ ബാധകമാക്കി സഞ്ചയയിൽ മാറ്റം വരുത്തി ഡിമാന്റ് ചെയ്യേണ്ടതാണ്.

എന്നാൽ സഞ്ചയ സോഫ്റ്റ്വേറിൽ കെട്ടിടങ്ങളുടെ നികുതി നിരക്കുകൾ പരിശോധിച്ചതിൽ, ഇത്തരത്തിൽ 01.04.2023ന് ശേഷം ഗ്രാമപഞ്ചായത്തിൽ നമ്പറിംഗിന് അപേക്ഷിച്ച് സമർപ്പിച്ചതായുള്ള നിരവധി കെട്ടിടങ്ങളുടെയും, അന്തിമ വിജ്ഞാപനം ഇറക്കിയതിന് ശേഷം ലഭ്യമായ അപേക്ഷകൾ പ്രകാരമുള്ള ചില കെട്ടിടങ്ങളുടെയും നികുതി നിരക്കുകൾ പഴയ നിരക്കിൽ (01.04.2023 ന് മുൻപുള്ള) തന്നെ തുടരുന്നതായി സഞ്ചയയിൽ സോഫ്റ്റവെയർ പരിശോധനയിൽ കണ്ടെത്തി. വിശദ വിവരം ചുവടെ ചേർക്കുന്നു.

SL No	File No	File Date	Ward No	Door No	Sub No	Owner Name	Building Usage	Tax Rate	Signed Date
1.	SC3/1434/2023	24/03/2023	1	82	B	PRAJEESH	പാർപ്പിടാവശ്യം	4	25/04/2023
2.	A5/7388/18	25/10/2018	18	112	A	MUMTHAZ	വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ	30	09/05/2023
3.	SC/3-4955/2022	14/12/2022	5	349	A	PRAJIN	വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ	30	09/05/2023
4.	SC3/4955/2022	14/12/2022	5	349	B	Prajin		30	09/05/2023
5.	SC3/4955/2022	14/12/2022	5	349	C	Prajin		30	09/05/2023
6.	SC/3-4955/2022	14/12/2022	5	349	D	PRAJIN		30	09/05/2023
7.	1539 /23	02/06/2023	12	169	E	BASHEER,SABEENA	പാർപ്പിടാവശ്യം	4	07/06/2023
8.	2395	03/09/2022	2	246	A	MOHAMED FAIZAL K AND MOHAMED FASIL	വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ	30	09/06/2023
9.	SC3/2449/2023	23/05/2023	18	29	A	MOIDUNNI	വാണിജ്യാവശ്യത്തിനുള്ളവ 200 ച.മീറ്റർ	70	21/06/2023
10.	SC3/2449/2023	23/05/2023	18	29	B	MOIDUNNI		70	21/06/2023
11.	SC3/2449/2023	23/05/2023	18	29	C	MOIDUNNI		70	21/06/2023
12.	SC3/2449/2023	23/05/2023	18	29	D	MOIDUNNI		70	21/06/2023
13.	SC3/2449/2023	23/05/2023	18	29	E	MOIDUNNI		70	21/06/2023
14.	SC3/2449/2023	23/05/2023	18	29	F	MOIDUNNI		70	21/06/2023
15.	SC3/2449/2023	23/05/2023	18	29	G	MOIDUNNI		70	21/06/2023
16.	SC3/2449/2023	23/05/2023	18	29	H	MOIDUNNI		70	21/06/2023
17.	3462/2023	19/07/2023	14	257	C	SAVITHRI,SUBRAMANIAN	പാർപ്പിടാവശ്യം	4	27/07/2023
18.	2993	03/07/2023	14	382	B	HABEEBULLAH	പാർപ്പിടാവശ്യം	4	27/07/2023
19.	1054	08/03/2023	16	287	D	PRESIDENT AND SECRETARY	അസംബ്ലി കെട്ടിടം,..	25	05/08/2023
20.	3545	04/09/2023	8	291	B	SIDDHARTHAN	പാർപ്പിടാവശ്യം	4	05/09/2023
21.	SC/3-5032/2022	19/12/2022	6	452	U	Rameesan S/O Krishnan	വാണിജ്യാവശ്യത്തിനുള്ളവ 200 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ	70	17/10/2023
22.	SC/3-5032/2022	19/12/2022	6	452	Q	Rameesan S/O Krishnan		70	17/10/2023
23.	SC/3-5032/2022	19/12/2022	6	452	R	Rameesan S/O Krishnan		70	17/10/2023
24.	SC/3-5032/2022	19/12/2022	6	452	S	Rameesan S/O Krishnan		70	17/10/2023
25.	SC/3-5032/2022	19/12/2022	6	452	T	Rameesan S/O Krishnan		70	17/10/2023
26.	SC/3-5032/2022	19/12/2022	6	452	V	Rameesan S/O Krishnan		70	17/10/2023
27.	SC/3-5032/2022	19/12/2022	6	452	W	Rameesan S/O Krishnan		70	17/10/2023
28.	Sc3-4184/2023	11/08/2023	8	291	UA	JIJA MOL	പാർപ്പിടാവശ്യം	4	17/10/2023
29.	4380	21/12/2022	19	321	H	Shaju	വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ	50	18/12/2023
30.	4380	09/11/2022	19	321	E	Shaju		50	21/12/2023
31.	4380	09/11/2022	19	321	F	Shaju		50	21/12/2023
32.	4380	09/11/2022	19	321	G	Shaju		50	21/12/2023

33.	A5/1756/2022	21/07/2022	10	208	A	PRASAD C	വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ	30	05/01/2024
34.	SC3/2604/2023	30/05/2023	1	843	C	Muhammed Razik,Ruksana	പാർപ്പിടാവശ്യം	4	08/01/2024
35.	A5-2737/21	04/05/2021	9	58	F11	Abdul Nasar And Others	വാണിജ്യാവശ്യത്തിനുള്ളവ 200 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ	70	15/03/2024
36.	A5/2737/21	04/05/2021	9	58	F1	Abdul Nasar And Others		70	15/03/2024
37.	A5/2737/21	04/05/2021	9	58	F2	Abdul Nasar And Others		70	15/03/2024
38.	A5/2737/21	04/05/2021	9	58	F3	Abdul Nasar And Others		70	15/03/2024
39.	A5/2737/21	04/05/2021	9	58	G2	Abdul Nasar,Abdul Shukoor,Mohamed Shareef		70	15/03/2024
40.	A5/2737/21	04/05/2021	9	58	G3	Abdul Nasar And Others		70	15/03/2024
41.	A5-2737/21	04/05/2021	9	58	S1	Abdul Nasar And Others		70	15/03/2024
42.	A5-2737/21	04/05/2021	9	58	S2	Abdul Nasar And Others		70	15/03/2024
43.	A5/2737/21	04/05/2021	9	58	G5	Abdul Nasar And Others		70	15/03/2024
44.	A5/2737/2021	04/05/2021	9	58	S4	Abdul Nasar And Others		70	15/03/2024
45.	A5/2737/2021	04/05/2021	9	58	S5	Abdul Nasar And Others		70	15/03/2024
46.	A5/2737/2021	04/05/2021	9	58	S6	Abdul Nasar And Others		70	15/03/2024
47.	A5/2737/2021	04/05/2021	9	58	S7	Abdul Nasar And Others		70	15/03/2024
48.	A5/2737/2021	04/05/2021	9	58	S8	Abdul Nasar And Others	വാണിജ്യാവശ്യത്തിനുള്ളവ 200 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ	70	15/03/2024
49.	A5/2737/2021	04/05/2021	9	58	S9	Abdul Nasar And Others		70	15/03/2024
50.	A5/2737/2021	04/05/2021	9	58	S11	Abhul Nasar And Others		70	15/03/2024
51.	A5/2737/2021	04/05/2021	9	58	S12	Abdul Nasar And Others		70	15/03/2024
52.	SC/3005/2022	29/09/2022	7	534	C	Avvu S/O Abdu		70	15/03/2024
53.	SC/3-3005/2022	29/09/2022	7	534	D	Avvu S/O Abdu		70	15/03/2024
54.	SC/3-3005/2022	29/09/2022	7	534	G	Avvu S/O Abdu		70	15/03/2024

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകയറി നം.17/09.01.2026ന് സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതക്ക് മറുപടി ലഭ്യമാക്കേണ്ടതും മേൽ പരാമർശിച്ചത് പ്രകാരം, അന്തിമ വിജ്ഞാപനം ഇറക്കിയതിന് ശേഷം ലഭ്യമായ അപേക്ഷകൾ പ്രകാരമുള്ള ചില കെട്ടിടങ്ങളുടെയും നികുതി നിരക്കുകൾ പഴയ നിരക്കിൽ (01.04.2023ന് മുൻപുള്ള) തന്നെ തുടരുന്നത് സംബന്ധിച്ച കെട്ടിടങ്ങളുടെ വിശദമായ പരിശോധന നടത്തി മേൽ കെട്ടിടങ്ങളെ ഉൾപ്പടെ പുതുക്കിയ നിരക്കിലേക്ക് മാറ്റി നികുതി ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

1-17 ഗ്രാമപഞ്ചായത്തിന്റെ ഫിറ്റ്നസ്സ് ഇല്ലാതെ സ്കൂൾ പ്രവർത്തിച്ചു.

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 30.12.2016ലെ 792455/ഇ.ഡബ്ല്യു.3/2016/ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം പ്രീ പ്രൈമറി ഉൾപ്പെടെയുള്ള എല്ലാ സർക്കാർ/ എയ്ഡഡ്/ നോൺ എയ്ഡഡ് സ്കൂളുകളും പ്രവർത്തനം ആരംഭിക്കുന്നതിന് മുമ്പായി ഫിറ്റ്നസ് സർട്ടിഫിക്കറ്റ് വാങ്ങിയിരിക്കണമെന്നും, ഫിറ്റ്നസ് സർട്ടിഫിക്കറ്റില്ലാതെ സ്കൂളുകൾ പ്രവർത്തിക്കുന്നില്ലെന്ന് അതത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ മേധാവി ഉറപ്പാക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

സഞ്ചയ പ്രകാരം ഗ്രാമപഞ്ചായത്തിലെ 17/103 A, 17/103 എന്നീ കെട്ടിട നമ്പറുകളിലായി പ്രവർത്തിക്കുന്നതും, 2024-25 സാമ്പത്തിക വർഷത്തിൽ ഗ്രാമ പഞ്ചായത്തിൽ തൊഴിൽ നികുതി അടവാക്കിയതുമായ ഹിലാൽ പബ്ലിക് സ്കൂൾ എന്ന സ്കൂൾ 2024-25 സാമ്പത്തിക വർഷത്തിൽ ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ് നേടാതെയാണ് പ്രവർത്തിച്ചത് എന്ന് കണ്ടു. അസിസ്റ്റന്റ് എഞ്ചിനീയർ ലഭ്യമാക്കിയ 2024-25 വർഷത്തേക്ക് ഫിറ്റ്നസ് നൽകിയ സ്കൂളുകളുടെ ഫയൽ പരിശോധിച്ചതിൽ മേൽ സ്കൂളിന് ഫിറ്റ്നസ് നൽകിയതിന്റെ രേഖകൾ ഇല്ല.

അനധികൃത നിർമ്മാണം സംബന്ധിച്ച് മേൽ സ്കൂളിൽ ഗ്രാമപഞ്ചായത്ത് ജീവനക്കാരുടെ സാന്നിദ്ധ്യത്തിൽ ഓഡിറ്റ് 14.01.2025 ന് നേരിട്ട് പരിശോധന നടത്തിയതിൽ സ്ഥാപനത്തിൽ ഏകദേശം, താഴത്തെ നിലയിൽ 17 ക്ലാസ് മുറികളും അനുബന്ധ ശുചി മുറികളും, ഒന്നും രണ്ടും നിലകളിൽ 18 ക്ലാസ് മുറികളും മറ്റും ആയും 3 നിലകളിലായുള്ള വലിയ മെയിൻ ബ്ലോക്ക് കെട്ടിടവും ആയതിനോട് ചേർന്ന് രണ്ട് നിലകലുള്ള ഒരു കെട്ടിടവും സമീപം ഒരു ഒരുനില ടോയിലറ്റ് കെട്ടിടവും കുട്ടികളുടെ ചെറിയ പാർക്കും ഗ്രൗണ്ടും സ്ഥാപനത്തിൽ ഉണ്ട്. സഞ്ചയ പ്രകാരം 17/103 കെട്ടിട നമ്പർ അനുവദിച്ച താഴത്തെ നില 357ച മീ, 17/103 A കെട്ടിട നമ്പർ അനുവദിച്ച ഒന്നാം നില 252ച മീ എന്നിങ്ങനെ വളരെ കുറഞ്ഞ വിസ്തൃതി മാത്രമാണ് ഗ്രാമപഞ്ചായത്ത് നമ്പർ അനുവദിച്ച് നികുതി ഈടാക്കി വരുന്നത്. ആയതിനാൽ തന്നെ ഗ്രാപഞ്ചായത്തിന്റെ ഫിറ്റ്നസ്സ് നേടാതെയും സഞ്ചയയിൽ ഉൾപ്പെടാതെയും അനധികൃത നിർമ്മാണങ്ങൾ നടത്തിയും ആണ് സ്കൂൾ പ്രവർത്തിക്കുന്നത് എന്ന് വ്യക്തമാണ്. സ്കൂൾ അധികൃതർ ലഭ്യമാക്കിയ ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ് പ്രകാരം 2023-24 ലേക്ക് 11 ക്ലാസ് മുറികൾക്ക് മാത്രമാണ് ഫിറ്റ്നസ്സ് അനുവദിച്ചത്.
അപാകത സൂചിപ്പിച്ച് കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. 18/09.01.2026ന് മറുപടി ലഭ്യമാക്കിയിട്ടില്ല. സർക്കാർ നിർദ്ദേശം പാലിക്കാതെയും അനധികൃത നിർമ്മാണങ്ങളിലുമായി സ്കൂൾ പ്രവർത്തിച്ചത് ഗ്രാമപഞ്ചായത്തിന്റെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെയും വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. അപാകതക്ക് കാരണം വിശദീകരിക്കേണ്ടതും മേൽ സ്ഥാപനത്തിലെ നികുതി അടവാക്കാത്ത നിർമ്മാണങ്ങളിൽ ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിച്ച് വിവരം ലഭ്യമാക്കേണ്ടതുമാണ്.

1-18 തൊഴിൽ നികുതി ഈടാക്കിയില്ല

2024-25 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി രജിസ്റ്ററുകളും റിട്ടേണുകളും ഗ്രാമപഞ്ചായത്ത് 2024-25 വർഷത്തേക്ക് സ്കൂളുകൾക്ക് അനുവദിച്ച ഫിറ്റ്നസ് രേഖകളും പരിശോധിച്ചതിൽ, ചുവടെ ചേർത്ത രണ്ട് സ്കൂളുകൾക്ക് ഫിറ്റ്നസ് അനുവദിച്ചിട്ടുണ്ടെങ്കിലും ഈ സ്കൂളുകളിലെ ജീവനക്കാരിൽ നിന്നും 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 204 പ്രകാരമുള്ള തൊഴിൽ നികുതി ഈടാക്കിയിട്ടില്ല എന്ന് കണ്ടു.

1) അസ്ഹർ ഹയർ സെക്കണ്ടറി സ്കൂൾ മാറഞ്ചേരി

2) സ്പെക്ട്രം സ്പെഷ്യൽ സ്കൂൾ മാറഞ്ചേരി

അപാകതക്ക് മറുപടി ലഭ്യമാക്കേണ്ടതും മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയ വിവരം ലഭ്യമാക്കേണ്ടതുമാണ്. (ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. 19/09.01.2026-മറുപടി ലഭ്യമാക്കിയിട്ടില്ല)

1-19 സ്വകാര്യ വിദ്യഭ്യാസ സ്ഥാപനങ്ങളുടെ കെട്ടിട നിർമ്മാണങ്ങൾ-നടപടി സ്വീകരിക്കേണ്ടതാണ്.

തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം ചുവടെ ചേർത്ത സ്വകാര്യ സ്കൂളുകൾ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിച്ച് തൊഴിൽ നികുതി അടവാക്കി വരുന്നുണ്ട്. ഈ വിദ്യഭ്യാസ സ്ഥാപനങ്ങളുടെ കെട്ടിട വിവരങ്ങൾ സഞ്ചയ സോഫ്റ്റ്വേറിലും വെബ്സൈറ്റ്/ഗൂഗിൾ തുടങ്ങിയവ പ്രകാരവും പരിശോധിച്ചതിൽ മേൽ സ്ഥാപനങ്ങളിൽ ഒന്നോ അതിലധികമോ നിലകളുള്ള ഒന്നിലധികം കെട്ടിടങ്ങൾ ഉണ്ട് എന്ന് വ്യക്തമായതിനാൽ ഈ സ്കൂൾ കെട്ടിടങ്ങൾ 14.01.2026ന് ഓഡിറ്റ് ടീം നേരിട്ട് പരിശോധനനടത്തിയതിൽ കണ്ടെത്തിയ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം	കെട്ടിട ഉടമ/ സ്ഥാപനം	കെട്ടിട നമ്പർ, വിസ്തീർണ്ണം	സ്ഥല പരിശോധനയിലെ കണ്ടെത്തൽ
1	ഹിലാൽ പബ്ലിക് സ്കൂൾ	17/103, താഴത്തെ നില 357ച മീ	താഴത്തെ നിലയിൽ തന്നെ 17 ക്ലാസ് മുറികളും അനുബന്ധ ശുചി മുറികളും, ഒന്നും രണ്ടും നിലകളിൽ 18 ക്ലാസ് മുറികളും ഉൾപ്പെടെ 3 നിലകളിലായുള്ള വലിയ മെയിൻ ബ്ലോക്ക് കെട്ടിടവും ആയതിനോട് ചേർന്ന് രണ്ട് നിലകളിലുള്ള ഒരു കെട്ടിടവും സമീപം ഒരു ഒരുനില ടോയിലറ്റ് കെട്ടിടവും കുട്ടികളുടെ ചെറിയ പാർക്കും ഗ്രൗണ്ടും സ്ഥാപനത്തിൽ ഉണ്ട്. ഈ കോമ്പൗണ്ടിലാണ് സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത്. ആയതിനാൽ തന്നെ ഗ്രാപഞ്ചായത്തിന്റെ സഞ്ചയയിൽ ഉൾപ്പെടാത്ത നിർമ്മാണങ്ങൾ സ്ഥാപനത്തിൽ ഉണ്ട് എന്ന് വ്യക്തമായിട്ടുണ്ട്.
		17/103 A, ഒന്നാം നില 252ച മീ	
2	സീഡ് ഗ്ലോബൽ സ്കൂൾ ഗ്ലോബൽ എജുക്കേഷൻ ട്രസ്റ്റ്	5/78 B - താഴത്തെ നില, ഒന്ന്, രണ്ട്, മൂന്ന് നിലകളിലായി ആകെ 3260.5ച മീ	നിലിവിൽ നമ്പർ അനുവദിക്കപ്പെട്ട നിർമ്മാണത്തിന് പുറമെ നമ്പർ അനുവദിക്കാത്ത 3 നില കെട്ടിടം കൂടി സൈറ്റിൽ ഉണ്ട്. ഇതിലും ഭാഗികമായി സ്കൂൾ പ്രവർത്തിക്കുന്നുണ്ട്.
3	ക്രസന്റ് ഇംഗ്ലീഷ് മീഡിയം സ്കൂൾ	13/293, താഴത്തെ നില 365ച മീ	സ്കെയർ ആകൃതിയിലുള്ള, കെട്ടിട നമ്പർ അനുദിക്കപ്പെട്ട നിർമ്മിതിക്ക് പുറമെ ഷീറ്റ് മേഞ്ഞതുൾപ്പടെ അനധികൃത നിർമ്മാണം നിലവിലുണ്ട്.
		13/294, രണ്ടാം നില 345ച മീ (ഒന്നാം നില ഇല്ലാതെ രണ്ടാം നില രേഖപ്പെടുത്തി കാണുന്നു)	

ഇത് സംബന്ധിച്ച് ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. 06/06.01.2026, സ്ഥല പരിശോധന റിപ്പോർട്ട് (ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. 36/14.01.2026) എന്നിവ നൽകിയെങ്കിലും വിശദമായ മറുപടി ലഭ്യമാക്കിയില്ല. മേൽ പട്ടികയിൽ

പരാമർശിച്ച നിർമാണങ്ങൾക്ക് നാളിതുവരെ കെട്ടിട നമ്പറുകൾ അനുവദിക്കുകയോ അർഹമായ വസ്തുനികുതി ഈടാക്കുകയോ ചെയ്തിട്ടില്ല. ഫയലുകളിൽ യഥാസമയം നമ്പറിംഗ്/ക്രമവൽക്കരണം/മറ്റ് ചട്ടപ്രകാരമുള്ള തുടർനടപടികൾ സ്വീകരിച്ച് നടപടി വിവരം ലഭ്യമാക്കേണ്ടതാണ്.

1-21 പർച്ചേഴ്സ് ചെയ്ത ബയോബിന്നുകൾ പൂർണമായി വിതരണം ചെയ്തിട്ടില്ല.

പ്രൊജക്ട്നമ്പറും പേരും	139/25 , ബയോബിൻ വിതരണം
അടങ്കൽ തുക	496800/ (447120- ധനകാര്യ കമ്മീഷൻ അവാർഡ്, 49680 - ഗു.വി.)
ചെലവ്	362250-ധനകാര്യ കമ്മീഷൻ അവാർഡ്
വൗച്ചർ നമ്പർ	22401486/27.03.2025

വി.ഇ.ഒ. നിർവ്വഹണം നടത്തിയ മേൽ പദ്ധതി പ്രകാരം ബയോബിന്നുകൾ വിതരണം ചെയ്യുന്നതിന് Sudhi Waste Convention Unit എന്ന സ്ഥാപനത്തിൽ നിന്നും 83/21.03.2025 നമ്പർ ഇൻവോയ്സ് പ്രകാരം 230 ബയോബിന്നുകൾ വാങ്ങിയിട്ടുണ്ട്. ഇതിൽ 128 എണ്ണം മാത്രമേ വിതരണം ചെയ്തിട്ടുള്ളൂ എന്ന് പ്രോജക്ട് ഫയൽ പരിശോധനയിൽ വ്യക്തമാവുന്നു. അവശേഷിക്കുന്ന 102 എണ്ണം നാളിതുവരെ വിതരണം ചെയ്തിട്ടില്ല. വിതരണം ചെയ്യാത്തതിന് കാരണം വ്യക്തമാക്കാനാവശ്യപ്പെട്ട് നൽകിയ 9/06.01.2026 ഓഡിറ്റ് എൻകൃയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അവശേഷിക്കുന്ന 102 ബയോബിന്നുകൾ വിതരണം ചെയ്ത് രേഖകൾ ലഭ്യമാക്കേണ്ടതാണ്. രേഖകൾ ലഭ്യമാക്കുന്നത് വരെ വിതരണം ചെയ്യാത്ത 102 ബയോബിന്നുകളുടെ വിലയായ 1,60,650 രൂപ തടസ്സം ചെയ്യുന്നു.

1-22 ബയോ ഡൈജസ്റ്റർ ബിൻ വിതരണം - വ്യക്തതയില്ല

പ്രൊജക്ട്നമ്പറും പേരും	200/25 ,ബയോ ഡൈജസ്റ്റർ ബിൻ വിതരണം.
അടങ്കൽ തുക	46224- ഗു.വി.
ചെലവ്	44648
ചെക്ക് നമ്പർ	6771095/ 06.09.2024
വൗച്ചർ നമ്പർ	22400560/06.09.2024

വി.ഇ.ഒ. നിർവ്വഹണം നടത്തിയ മേൽ സൂചിപ്പിച്ച പദ്ധതി പ്രകാരം ബയോ ഡൈജസ്റ്റർ ബിന്നുകൾ വിതരണം ചെയ്യുന്നതിന് RAIDCO യിൽ നിന്നും TIR/589/23-24 - 27.03.2024 നമ്പർ ഇൻവോയ്സ് പ്രകാരം വാങ്ങിയത് 356 ബയോ ഡൈജസ്റ്റർ ബിന്നുകൾ ആണ്. എന്നാൽ നിർവഹണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയ വിതരണ രജിസ്റ്റർ പ്രകാരം 374 എണ്ണം വിതരണം ചെയ്തതായി കാണിച്ചിട്ടുണ്ട്.വാങ്ങിയ എണ്ണത്തേക്കാൾ കൂടുതൽ വിതരണം ചെയ്തു എന്ന് രേഖപ്പെടുത്തിയത് വസ്തുതാപരമായി ശരിയല്ല. അപാകതക്ക് മറുപടി ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകൃയറി (21/12.1.2026) ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ബയോ ഡൈജസ്റ്റർ ബിന്നുകൾ കൈപ്പറ്റിയ

ഗുണഭോക്താക്കളുടെ കൃത്യവും വ്യക്തതയുള്ളതുമായ വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. വിതരണ രജിസ്റ്റർ കൃത്യമായി സൂക്ഷിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്. രേഖകൾ ലഭ്യമാക്കുന്നത് വരെ 2024-25 വർഷത്തെ ചെലവു തുക 44648 രൂപ തടസ്സം ചെയ്യുന്നു.

1-23 ലൈഫ് മിഷൻ -ഭവന പദ്ധതി - നിർമ്മാണത്തിൽ പുരോഗതിയില്ല

വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥനായ ലൈഫ് മിഷൻ -ഭവന നിർമ്മാണ പദ്ധതികളുടെ ഭാഗമായി അഡ്വാൻസ് തുക മാത്രം കൈപ്പറ്റിയ താഴെ പറയുന്ന ഗുണഭോക്താക്കളുടെ ഭവന നിർമ്മാണത്തിൽ പിന്നീട് പുരോഗതിയൊന്നും ഇല്ല എന്ന് വ്യക്തമാവുന്നു. വിശദ വിവരം ചുവടെ:

ലൈഫ് ഭവന പദ്ധതി: എസ്.സി.

രജിസ്റ്ററിലെ ക്രമ നം	ഗുണഭോക്താവിന്റെ പേര്	കൈപ്പറ്റിയ ആകെ തുക	ബിൽ നമ്പർ/ തിയ്യതി
1.	ജയന്തി, കൊളത്തേരി	20,000	24150452035900421541 / 18.07.2024

ലൈഫ് ഭവന പദ്ധതി: ജനറൽ

രജിസ്റ്ററിലെ ക്രമ നം	ഗുണഭോക്താവിന്റെ പേര്	കൈപ്പറ്റിയ ആകെ തുക	ബിൽ/ചെക്ക് നമ്പർ/ തിയ്യതി
1	ആയിശുമ്മ, വൽപ്പറമ്പിൽ	40,000	490382/ 28.1.2025
2	സീനത്ത് ബാവ, വടക്കയിൽ	20,000	24150452035900421541 / 18.07.2024

പ്രസ്തുത ഗുണഭോക്താക്കൾ ഭവന നിർമ്മാണം ആരംഭിച്ചിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ പുരോഗതി വിവരവും ഓഡിറ്റിനെ അറിയിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകുയറി (25/13. 1.2026) ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത ഗുണഭോക്താക്കളുടെ ഭവന നിർമ്മാണ പുരോഗതി ലഭ്യമാക്കേണ്ടതാണ്. പ്രവൃത്തിയിൽ പുരോഗതിയില്ലെങ്കിൽ അഡ്വാൻസ് തുക തിരികെ ഈടാക്കി വിവരമറിയിക്കേണ്ടതുമാണ്.

1-24 ഹോമിയോ മരുന്ന് ലഭ്യമായിട്ടില്ല.

പദ്ധതി പേര്: ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ

പദ്ധതി നമ്പർ : 58/2024-25

നിർവഹണം : മെഡിക്കൽ ഓഫീസർ- ആയുർവ്വേദം

അടങ്കൽ : 200,000 രൂപ (മെയിന്റനൻസ് ഫണ്ട്)

ചെലവ് : 200,000 രൂപ (മെയിന്റനൻസ് ഫണ്ട്)

ബിൽ നമ്പർ/തിയ്യതി: 24150452035201172072/14.01.2025 (200,000 രൂപ)

പ്രൊഫോർമ ഇൻവോയ്സ്: PF-372, 8.10.2024, (200,000/-)

മേൽ സൂചിപ്പിച്ച പദ്ധതിയുടെ ഭാഗമായി മരുന്ന് ലഭ്യമാക്കുന്നതിന് 200,000 രൂപ HOMCO ക്ക് കൈമാറിയിട്ടുണ്ട്. മരുന്ന് ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറി (10/6.1.2026) ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മരുന്ന് ലഭ്യമാക്കി വിവരമറിയിക്കേണ്ടതാണ്.

1-25 മരുന്ന് വാങ്ങൽ -മുൻകൂർ നൽകി - മരുന്ന് ലഭ്യമായിട്ടില്ല.

1. പദ്ധതി പേര്: അതിദരിദ്രർക്ക് മരുന്ന് വാങ്ങൽ

പദ്ധതി നമ്പർ : 78/25

നിർവഹണം : മെഡിക്കൽ ഓഫീസർ, PHC

അടങ്കൽ : 15110 (തനതു ഫണ്ട്)

ചെലവ്: 15110 (തനതു ഫണ്ട്)

മേൽ സൂചിപ്പിച്ച പദ്ധതിയുടെ ഭാഗമായി അതിദരിദ്രർക്കുള്ള മരുന്ന് ലഭ്യമാക്കുന്നതിന് 15110 രൂപ KMSCL ന് കൈമാറിയിട്ടുണ്ട് (ചെക്ക് നമ്പർ: 6771659/04.02.2025) എന്നാൽ മരുന്ന് ലഭ്യമായി കാണുന്നില്ല. PRF2999/17.01.2025 പ്രകാരമുള്ള മരുന്ന് ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

2. പദ്ധതി പേര്: പി.എച്ച്.സി യിലേക്ക് മരുന്ന് വാങ്ങൽ

പദ്ധതി നമ്പർ : 37/25

നിർവഹണം : മെഡിക്കൽ ഓഫീസർ, PHC

അടങ്കൽ : 600,000 രൂപ (M.G. Non Road)

ചെലവ്: 600,000 രൂപ (M.G. Non Road)

ബിൽ നമ്പർ: 24150452035700831119/ 28.10.2024 (200,000)

24150452035700882775/ 8.11.2024 (35182)

24150452035701239612/ 28.1.2025(199,999)

24150452035700832l6/ 4.12.2024 (96684)

മേൽ സൂചിപ്പിച്ച പദ്ധതിയുടെ ഭാഗമായി പി.എച്ച്.സിയിലേക്കുള്ള മരുന്ന് ലഭ്യമാക്കുന്നതിന് ,ആകെ ചെലവ് തുകയിൽ നിന്ന് പരാമർശിത ബില്ലുകൾ പ്രകാരം 531865 രൂപ KMSCL ന് കൈമാറിയിട്ടുണ്ട് എന്നാൽ മരുന്ന് ലഭ്യമായി കാണുന്നില്ല. താഴെ പറയുന്ന പ്രൊഫോർമ ഇൻവോയ്സുകൾ പ്രകാരമുള്ള മരുന്ന് ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

പ്രൊഫോർമ ഇൻവോയ്സ്	തിയ്യതി	തുക
PRF 1594	18.10.2024	200,000
PRF 1779	29.10.2024	35182
PRF 2991	16.01.2025	199,999
PRF 1980	13.11.2024	96684
		531865

3. പദ്ധതി പേര്: കിഡിനി രോഗികൾക്ക് മരുന്ന് വാങ്ങൽ

പദ്ധതി നമ്പർ : 74/25

നിർവഹണം : മെഡിക്കൽ ഓഫീസർ, PHC

അടങ്കൽ : 150,000 രൂപ (വികസന ഫണ്ട് -ജനറൽ)

ചെലവ്: 144794 രൂപ

മേൽ സൂചിപ്പിച്ച പദ്ധതിയുടെ ഭാഗമായി കിഡ്നി രോഗികൾക്കുള്ള മരുന്ന് ലഭ്യമാക്കുന്നതിന് , ബിൽ നമ്പർ: 24150452035701062959/ 19.12.2024 പ്രകാരം 144794 രൂപ KMSCL ന് കൈമാറിയിട്ടുണ്ട് എന്നാൽ മരുന്ന് ലഭ്യമായി കാണുന്നില്ല. PRF 2018/15.11.24 നമ്പർ പ്രൊഫോർമ ഇൻവോയ്സ് പകാരമുള്ള മരുന്ന് ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.
അപാകത പരാമർശിച്ച നൽകിയ 24 /12.1.2026 ഓഡിറ്റ് എൻകൃയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മരുന്ന് ലഭ്യമാക്കി വിവരമറിയിക്കേണ്ടതാണ്.

1-26 മുട്ടക്കോഴികൾ വിതരണം ചെയ്തതിന്റെ കൃത്യമായ വിവരം കൈപ്പറ്റ് സഹിതം ഓഡിറ്റിന് ലഭ്യമാക്കിയില്ല.

പ്രൊജക്ട്നമ്പറും പേരും	123/25 , മുട്ടക്കോഴി വളർത്തൽ-ജനറൽ
അടങ്കൽ തുക	370500/(342000- വികസന ഫണ്ട്-ജനറൽ, 28500 - ഗു.വി.)
ചെലവ്	296400 - വികസന ഫണ്ട്-ജനറൽ
ബിൽ നമ്പർ	24150452035601057480/ 18.12.2024 (98800) 24150452035601057496/ 18.12.2024 (98800) 24150452035601057485/ 18.12.2024 (98800)

വെറ്റിനറി സർജൻ നിർവ്വഹണം നടത്തിയ മേൽ സൂചിപ്പിച്ച പദ്ധതി പ്രകാരം മുട്ടക്കോഴികൾ വിതരണം ചെയ്യുന്നതിന് കരുണ കോഴി ഫാം എന്ന സ്ഥാപനത്തിൽ നിന്നും താഴെ പറയുന്ന ഇൻവോയ്സുകൾ പ്രകാരം വാങ്ങിയ 2280 മുട്ടക്കോഴികൾ വിതരണം ചെയ്തതിന്റെ കൃത്യമായ വിവരം ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

ക്രമ നം	ഇൻവോയ്സ് നമ്പർ	തിയ്യതി	തുക	മുട്ടക്കോഴികളുടെ എണ്ണം

1	37	14.11.2024	98800	760
2	38	14.11.2024	98800	760
3	39	14.11.2024	98800	760
				2280

മുട്ടക്കോഴികൾ വിതരണം ചെയ്തതിന്റെ കൃത്യമായ വിവരം ഓഡിറ്റിന് ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകൃയറി (32/14.1.2026) ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മുട്ടക്കോഴികൾ വിതരണം ചെയ്തതിന്റെ കൃത്യമായ വിവരം കൈപ്പറ്റ് സഹിതം ഓഡിറ്റിന് ലഭ്യമാക്കേണ്ടതും , വിതരണ രജിസ്റ്റർ കൃത്യമായി സൂക്ഷിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്. രേഖകൾ ലഭ്യമാക്കുന്നത് വരെ ചെലവു തുക 2,96,400 രൂപ തടസ്സം ചെയ്യുന്നു.

1-27 ഭിന്നശേഷി വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് അധികം നൽകി

പ്രോജക്ട് നം, പേര്	33/2025– ഭിന്നശേഷി വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്
അടങ്കൽ	₹3170000/ ₹9,00,000/- (വികസന ഫണ്ട്- ജനറൽ) , ₹16,00,000/- (തനത് ഫണ്ട്) , ₹3,70,000/- (ബ്ലോക്ക് പഞ്ചായത്ത്) , ₹300,000/- (ജില്ലാ പഞ്ചായത്ത്)
ആകെ ചെലവ്	₹30,50,000/ ₹9,00,000/- (വികസന ഫണ്ട്- ജനറൽ മറുപടി ലഭിക്കുന്നത് വരെ) , ₹16,00,000/- (തനത് ഫണ്ട്) , ₹3,70,000/- (ബ്ലോക്ക് പഞ്ചായത്ത്) , ₹1,80,000/- (ജില്ലാ പഞ്ചായത്ത്)

2024-25 വർഷം ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവഹണം നടത്തിയ ഭിന്നശേഷി വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് പദ്ധതിയുടെ ഫയൽ പരിശോധിച്ച് താഴെ രേഖപ്പെടുത്തിയ അപാകതകൾ ശ്രദ്ധയിൽ പെടുത്തുന്നു.

മേൽ പദ്ധതി പ്രകാരം ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന ചിലർക്ക് അർഹമായതിൽ കൂടുതൽ തുക വാർഷിക സ്കോളർഷിപ്പ് നൽകിയിട്ടുണ്ട്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	ഉൾപ്പെടുന്ന ലിസ്റ്റ് (രജിസ്റ്റർ പ്രകാരം)	സ്കോളർഷിപ്പ് വിതരണ രജിസ്റ്ററിലെ ക്രമ നമ്പർ	ഗുണഭോക്താവിന്റെ പേര്	അനുവദിച്ച തുക	അനുവദിക്കാവുന്ന തുക	അധികം നൽകിയത്	അപാകതകൾ /കുറിപ്പ്
1	മാനസിക വെല്ലുവിളി നേരിടുന്നവർ	30	റിഷിദേവ് ടി.വി 6 Th Standard PNUPS Kanhiramukku	28500 രൂപ 1.24150452035501086678/ 24.12.24-10,000 രൂപ	6600	21900	അപേക്ഷയുടെ കൂടെ സമർപ്പിച്ച

				2. വൗച്ചർ 22401434/ 20.03.2025-10,000 രൂപ 3. വൗച്ചർ 22401277/ 24.02.2025-/-8500 രൂപ			മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റ് പ്രകാരം മസ്കുലാർ ഡിസ്ട്രോഫി എന്നാണ്. സർട്ടിഫിക്കറ്റ് നമ്പർ 27 /09/2022 Dt 27.09.2022 E.K Imbichi Bava Memorial Govt. Taluk Hospital Ponanni

മറുപടി ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകൃയറി നം. 28 /13.1.2026 ന് മറുപടിയായി തിരിച്ചടവാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു. 21900 രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

1-28 വൃദ്ധജനങ്ങൾക്കുള്ള കട്ടിൽ - വിതരണത്തിൽ അപാകത

പ്രോജക്ട് നം, പേര്	:	119/2025– വയോജനങ്ങൾക്ക് കട്ടിൽ
അടങ്കൽ	:	₹5,00,000/- (വികസന ഫണ്ട്- ജനറൽ)
ആകെ ചെലവ്	:	₹4,99,100/-
തുക കൈപ്പറ്റിയ സ്ഥാപനം	:	IT Professionals Cooperative Society, Pattom, Thiruvananthapuram
ബിൽ നം., തീയതി	:	241504520355014761 17/ 10.03.2025

2024-25 വർഷം ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവഹണം നടത്തിയ പദ്ധതിയാണ് വയോജനങ്ങൾക്ക് കട്ടിൽ. പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്ത് അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് 115 കട്ടിലുകൾ വിതരണം ചെയ്തിട്ടുണ്ട്. പദ്ധതി മാർഗ്ഗരേഖ പ്രകാരം നിരാലംബരായ 60 വയസ്സ് കഴിഞ്ഞ വയോജനങ്ങൾക്കും ശയ്യാവലംബരായ നിർദ്ധന രോഗികൾക്കും കട്ടിൽ നൽകാവുന്നതാണെന്നാണ് വ്യവസ്ഥ ചെയ്തിരിക്കുന്നത്.

മേൽ പദ്ധതി പ്രകാരം 60 വയസ്സ് തികയാത്ത 2 ഗുണഭോക്താക്കൾക്ക് കട്ടിൽ വിതരണം ചെയ്തതായി കാണുന്നു. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	വിതരണ രജിസ്റ്ററിലെ ക്രമ നമ്പർ	ഗുണഭോക്താവിന്റെ പേര്	വാർഡ് നമ്പർ	പ്രായം/ഹാജരാക്കിയ രേഖയുടെ വിവരം
1	97	നളിനി കോച്ചിരിത്തേൽ	1	58/ 2025 ആധാർ
2	20	നഫീസ അളപ്പുരയിൽ	7	58/2025 ആധാർ

മേൽ പരാമർശിച്ച ഗുണഭോക്താക്കൾക്ക് ലഭ്യമാക്കിയ രേഖകൾ പ്രകാരം 60 വയസ്സ് തികഞ്ഞിട്ടില്ല. പ്രായം വിലയിരുത്താതെ ആനുകൂല്യം നൽകിയതിന് കാരണങ്ങൾ അറിയിക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ_ഓഡിറ്റ് എൻകൃയറി നം. 29/13.1.2026 ന് മറുപടി ലഭ്യമായില്ല. വിശദമായ മറുപടി ലഭ്യമാക്കേണ്ടതാണ്.

1-29 മാർഗ്ഗരേഖ പ്രകാരം അനുവദനീയമല്ലാത്ത പ്രൊജക്ടുകൾ നടപ്പാക്കി

ഗ്രാമ പഞ്ചായത്തുകൾക്ക് ബാധകമായ സബ്സിഡി ,ധനസഹായം,അനുബന്ധ വിഷയങ്ങൾ എന്നിവ സംബന്ധിച്ച മാർഗ്ഗരേഖയായ സ.ഉ.(കൈ) നം.115/2022/ ത.സ്വ.ഭ.വ തി 28.05.2022, പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ സ.ഉ.(കൈ) നം.84/2022/ ത.സ്വ.ഭ.വ തി 19.04.2022 എന്നിവ പ്രകാരം അനുവദനീയമല്ലാത്ത പരിപാടികൾക്കായി താഴെ പറയും പ്രകാരം തുക ചെലവഴിച്ചതായി കാണുന്നു.

പ്രൊജക്ട്/അടങ്കൽ /ഫണ്ടിനം	ചെലവ്/ വൗച്ചർ നമ്പർ	റിമാർക്സ്
203/2025 സപ്ലിമെന്ററി പോഷകാഹാരത്തിന്റെ പ്രദർശനം-4000- സി.എഫ്.സി	3150 രൂപ /വൗച്ചർ 22401443/22.03.2025	500 രൂപ സനാന പ്രിന്റോഗ്രാഫ് - ബാനർ,ഫോട്ടോ ചെലവ് 2660 രൂപ- കുടുംബശ്രീ ജനകീയ ഹോട്ടൽ ചായ, പലഹാര ചെലവ്
212/2025 അനീമിയ ബോധവൽക്കരണം 3000 സി.എഫ്.സി	1225രൂപ / വൗച്ചർ22401394/15.03.2025	325 രൂപ സനാന പ്രിന്റോഗ്രാഫ് - ബാനർ,ഫോട്ടോ ചെലവ് 900 രൂപ- കുടുംബശ്രീ ജനകീയ ഹോട്ടൽ ചായ, പലഹാര ചെലവ്
205/2025 പ്രീ സ്കൂൾ വിദ്യാഭ്യാസത്തെക്കുറിച്ചുള്ള ബോധവൽക്കരണം 4000 സി.എഫ്.സി	3800രൂപ / വൗച്ചർ22401188/04.02.2025	700 രൂപ സനാന പ്രിന്റോഗ്രാഫ് - ബാനർ,ഫോട്ടോ ചെലവ് 2340 രൂപ- മിലോമാർട്ട് – കരിങ്കല്ലത്താണി ചായ, പലഹാര ചെലവ് 700 രൂപ- താജ്- ലൈറ്റ് &സൗണ്ട് കാഞ്ഞിരമുക്ക് 60 രൂപ പ്രിന്റിംഗ്
220/2025ഭിന്നശേഷി കുട്ടികൾക്ക്	2075രൂപ /	325 രൂപ സനാന

സ്കീമുകളെപറ്റി ബോധവൽക്കരണം 3000 സി.എഫ്.സി	വൗച്ചർ22401395/17.03.2025	പ്രിന്റോഗ്രാഫ് - ബാനർ,ഫോട്ടോ ചെലവ് 1750 രൂപ- കുടുംബശ്രീ ജനകീയ ഹോട്ടൽ ചായ, പലഹാര ചെലവ്

നിർവ്വഹണ ഉദ്യോഗസ്ഥയുടെ മറുപടി ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറി 30/13.01.2026 നമ്പർ അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമായില്ല. വിശദമായ മറുപടി ലഭ്യമാക്കേണ്ടതാണ്.

1-30 പ്രവൃത്തി വൈകി പൂർത്തിയാക്കി - പിഴ ഈടാക്കിയില്ല

(A) GO(P) 13/2012/PWD/01-02-2012 പ്രകാരമുള്ള കേരളപൊതുമരാമത്ത് മാന്വലിലെ സെക്ഷൻ 2005,2112 എന്നിവ പ്രകാരം കരാറുകാരന്റേതല്ലാത്ത കാരണത്താൽ പ്രവൃത്തി നിശ്ചിത കാലാവധിക്കകം പൂർത്തീകരിക്കാൻകഴിയാതെ വരികയാണെങ്കിൽ ദീർഘീകരണത്തിനുള്ള അപേക്ഷ കരാറുകാർ AE മുഖേന കരാർ കാലാവധി തീരുന്നതിന് മുമ്പായി, അപേക്ഷിക്കേണ്ടതും നിർവ്വഹണോദ്യോഗസ്ഥൻ ഇക്കാര്യത്തിൽ തീരുമാനമെടുത്ത് പ്രവൃത്തിയുടെ ഒറിജിനൽ സമയത്തിന്റെ 25 % ഗ്രേസ് പിരീഡ് ആയി അനുവദിക്കാവുന്നതുമാണ്.

(B) കരാറുകാരന്റെ പിഴവ് മൂലം പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കേണ്ടുന്ന ഘട്ടത്തിൽ, കരാറുകാർ നിർവ്വഹണോദ്യോഗസ്ഥൻ മുഖേന അപേക്ഷ നൽകേണ്ടതും പ്രസ്തുത അപേക്ഷയിൽ ഭരണസമിതിയുടെ അനുമതി വാങ്ങി, PAC യുടെ 1 % പിഴ ഈടാക്കിക്കൊണ്ട് പൂർത്തീകരണ കാലാവധിയുടെ 25 % വരെ (പരമാവധി 6 മാസം, ഏതാണോ കുറവ് അത്) ഒറ്റത്തവണ ദീർഘിപ്പിച്ച് നൽകാവുന്നതാണ്. തുടർന്നും കാലാവധി ദീർഘിപ്പിക്കേണ്ടുന്ന ഘട്ടത്തിൽ, 2 % പിഴ ഈടാക്കണം. എന്നാൽ പരമാവധി ദീർഘിപ്പിക്കൽ ആകെ പൂർത്തീകരണസമയത്തിന്റെ 50 % ൽ അധികരിക്കാവുന്നതല്ല.

(C) വിശദീകരണമായി പുറപ്പെടുവിച്ച, തദ്ദേശ സ്വയംഭരണവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 18-08-2018 ലെ എ.സി 2/223/15 ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം കരാറുകാരൻ യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാതിരുന്നാലുള്ള പിഴ ആദ്യത്തെ 3 മാസക്കാലയളവിന് 1 % നിരക്കിലും തുടർന്നുള്ള ഓരോ 3 മാസത്തിനും 2 % നിരക്കിലും ഈടാക്കണമെന്ന് നിർദ്ദേശിച്ചിട്ടുമുണ്ട്.

എന്നാൽ, താഴെ രേഖപ്പെടുത്തിയ പ്രവൃത്തി കരാർ പ്രകാരമുള്ള പൂർത്തീകരണ കാലാവധിക്കുള്ളിൽ പൂർത്തീകരിച്ചിട്ടില്ല എന്നും അർഹമായ പിഴ ബില്ലിൽ നിന്ന് ഈടാക്കിയില്ല എന്നും വ്യക്തമാവുന്നു. വിശദ വിവരം താഴെ കൊടുക്കുന്നു. കാലാവധി നീട്ടി നൽകാൻ കരാറുകരാൻ കത്ത് നൽകുകയോ , അസിസ്റ്റന്റ് എഞ്ചിനീയർ ശുപാർശ ചെയ്യുകയോ , പഞ്ചായത്ത് ഭരണ സമിതി അനുമതി നൽകുകയോ ചെയ്തിട്ടില്ല.

	പ്രവൃത്തി	ഈടാക്കേണ്ട പിഴ
1	276/25 മാറഞ്ചേരി പി.എച്ച്.സി കമ്പാർട്ടേഴ്സ് മെയിന്റനൻസ്	29-09-2023 മുതൽ 28-12-2023 വരെ PAC യുടെ 1% = 4192.59 29-12-2023 മുതൽ 02-03-2024 വരെ PAC

	കരാറുകാരൻ - ശ്രീ. പി.പി അഷറഫ് നിർവഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് എഞ്ചിനീയർ വൗച്ചർ നമ്പർ : 24150452037580039670 5/10.07.2024-107994 (രണ്ടാം പാർട്ട് ബിൽ) 24150452037580039670 1/10.07.2024- 233551 എസ്റ്റിമേറ്റ് നമ്പർ : 18691/2023 കരാർ - 25/AE/LSGD /MRY Dated23.3.2023 PAC – 419259 കരാർ കാലാവധി : 6 മാസം സൈറ്റ് കൈമാറിയ തിയ്യതി : 29.3.2023 പൂർത്തീകരിക്കേണ്ട തിയ്യതി : 28.9.2023 പൂർത്തീകരിച്ച തിയ്യതി : 02.03.2024	യുടെ 2% = 6055.96 (65 Days) ആകെ- 10248.55 രൂപ
2	221/25 സർക്കാർ സ്ഥാപനങ്ങളിൽ സോക്ക്പിറ്റ് നിർമ്മാണം കരാറുകാരൻ - ശ്രീ.എ.വി അബൂബക്കർ വൗച്ചർ നമ്പർ (2024-25 ൽ) : 22401019/30.12.2024- 69579 (ആകെ ചെലവ് 598534) എസ്റ്റിമേറ്റ് നമ്പർ : 112111/2023 കരാർ - 33/AE/LSGD/MRY /23-24 Dated 12.02.2024 PAC – 673106 കരാർ കാലാവധി : 6 മാസം സൈറ്റ് കൈമാറിയ തിയ്യതി : 17.02.2024 പൂർത്തീകരിക്കേണ്ട തിയ്യതി : 16.08.2024 പൂർത്തീകരിച്ച തിയ്യതി : 13.11.2024	17-08-2024 മുതൽ 13-11-2024 വരെ PAC യുടെ 1% = 6656.27 (89 Days)
3	214/25 അംഗനവാടി റോഡ് & കൾവർട്ട് കരാറുകാരൻ - ശ്രീ. കുഞ്ഞിമോൻ ഹാജി കെ.പി ചെലവ് : 2024-25 ൽ ₹111718	08-06-2023 മുതൽ 07-09-2023 വരെ PAC യുടെ 1% = 1647.59 08-09-2023 മുതൽ 07-12-2023 വരെ PAC യുടെ 2% = 3295.18

	വൗച്ചർ നമ്പർ : 241504520358001805 61/16.05.2024- 95000 22400705/14.10.24- 16718 രൂപ എസ്റ്റിമേറ്റ് നമ്പർ : 4131/2023 കരാർ വെച്ച തിയ്യതി - 50/AE/LSGD/MRY 2022-23 Dated 29.03.2023 PAC – 164759 ആകെ പ്രവൃത്തി മൂല്യം : 211718 കരാർ കാലാവധി : 2 മാസം സൈറ്റ് കൈമാറിയ തിയ്യതി : 8.04.2023 പൂർത്തീകരിക്കേണ്ട തിയ്യതി : 7.06.2023 പൂർത്തീകരിച്ച തിയ്യതി : 20.03.2024	08-12-2023 മുതൽ 07-03-2024 വരെ PAC യുടെ 2% = 3295.18 08-03-2024 മുതൽ 20-03-2024 വരെ PAC യുടെ 2% = 475.97 (13 Days) ആകെ- 8713.92 രൂപ
4	286/25 പാതങ്ങാട് തോട് വി.സി.ബി കരാറുകാരൻ - ശ്രീ. ബാബുരാജ് എണ്ണാഴിയിൽ ചെലവ് : 2024-25 ൽ ₹139000 വൗച്ചർ നമ്പർ : 22401308 /5.3.2025 എസ്റ്റിമേറ്റ് നമ്പർ : 107726/2023 കരാർ -തിയ്യതി - 30/AE/LSGD/ MRY 23-24 Dated 2.02.2024 PAC – 128599 കരാർ കാലാവധി : 6 മാസം സൈറ്റ് കൈമാറിയ തിയ്യതി : 2.02.2024 പൂർത്തീകരിക്കേണ്ട തിയ്യതി : 1.08.2024 പൂർത്തീകരിച്ച തിയ്യതി : 20.2.2025	03-02-2024 മുതൽ 02-05-2024 വരെ PAC യുടെ 1% = 1285.99 03-05-2024 മുതൽ 02-08-2024 വരെ PAC യുടെ 2% = 2571.98 03-08-2024 മുതൽ 02-11-2024 വരെ PAC യുടെ 2% = 2571.98 03-11-2024 മുതൽ 02-02-2025 വരെ PAC യുടെ 2% = 2571.98 03-02-2024 മുതൽ 20-02-2025 വരെ PAC യുടെ 2% = 514.39 ആകെ- 9516.32 രൂപ
	ഒട്ടാകെ	35135 രൂപ

പ്രവൃത്തി പൂർത്തിയാക്കാൻ കാലവധി നീട്ടി നൽകിയിട്ടുണ്ടെങ്കിൽ ആയത് സംബന്ധിച്ച കരാറുകരന്റെ അപേക്ഷ , അസിസ്റ്റന്റ് എഞ്ചിനീയറുടെ ശുപാർശ, പഞ്ചായത്ത് തീരുമാനം എന്നിവ പ്രൈസ് സോഫ്റ്റ് വെയറിൽ അപ്ലോഡ് ചെയ്തിട്ടുണ്ടെങ്കിൽ ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകവയറി നംപർ 35/14.1.2026 ന് മറുപടി ലഭ്യമായില്ല. പിഴ ഈടാക്കി അറിയിക്കേണ്ടതാണ്.

1-31 അംഗീകാരം ലഭ്യമായിട്ടും പദ്ധതികൾ ഏറ്റെടുത്ത് നടപ്പാക്കിയില്ല

2024-2025 വർഷം ഹെഡ് മാസ്റ്റർ നിർവ്വഹണ ഉദ്യോഗസ്ഥനായി ചുവടെ ചേർക്കും പ്രകാരമുള്ള പദ്ധതികൾക്ക് അംഗീകാരം ലഭ്യമാക്കിയിട്ടുണ്ട്.

ക്രമ നം	പദ്ധതി നം, പേര്	അടങ്കൽ തുക
1	125/2025- സമഗ്ര വിദ്യാഭ്യാസ പദ്ധതി 2024-25- ഉണർവ്വ് പത്രിക	30000
2	126/2025- വിജയഭേരി- വിജയ സ്പർശം	25000
3	127/2025പഞ്ചായത്ത് തല കായികമേള	100000
4	130/2025രജിസ്ട്രേഡ് ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ് നൽകൽ	200000
5	159/2025- ഓഫീസ് അനുബന്ധ ചെലവുകൾ	5000
6	192/2025- വിദ്യാഭ്യാസത്തിന്റെ പ്രാധാന്യത്തെ കുറിച്ചുള്ള റാലികൾ	5000
7	193/2025- എന്റോൾമെന്റ് ഡ്രൈവ്	10000
8	194/2025- വിദ്യാഭ്യാസത്തിന്റെ പ്രാധാന്യത്തെ കുറിച്ചുള്ള ബോധവത്ക്കരണ ക്ലാസുകൾ	5000
9	195/2025- ശൈശവ വിവാഹത്തെ കുറിച്ചുള്ള ബോധവത്ക്കരണം	2000
ആകെ		**382000**

മേൽ പരാമർശിച്ച പദ്ധതികളൊന്നും തന്നെ ഹെഡ് മാസ്റ്റർ നിർവ്വഹണം നടത്തിയിയിട്ടില്ലാത്തതിനാൽ വകയിരുത്തിയ മുഴുവൻ തുകയും പാഴായ സാഹചര്യമാണുള്ളത്. അംഗീകാരം നേടിയ പദ്ധതികളിൽ ഗ്രാമ പഞ്ചായത്തുകൾക്ക് ബാധകമായ സബ്സിഡി, ധനസഹായം, അനുബന്ധ വിഷയങ്ങൾ എന്നിവ സംബന്ധിച്ച മാർഗ്ഗരേഖയായ സ.ഉ.(കൈ) നം.115/2022/ ത.സ്വ.ഭ.വ തീ. 28.05.2022, പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ സ.ഉ.(കൈ) നം.84/2022/ ത.സ്വ.ഭ.വ തീ. 19.04.2022 എന്നിവ പ്രകാരം പദ്ധതികൾ ആസൂത്രണം ചെയ്യുകയും, ആയതിന് വേണ്ടി തുക വകയിരുത്തുകയും ചെയ്തെങ്കിലും, പദ്ധതികൾ നടപ്പിലാക്കാത്തതിന്റെ കാരണം അറിയിക്കേണ്ടതാണെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകുയറിക്ക് മറുപടി ലഭ്യമാക്കിയില്ല (നം. 27/13-01-2026). പദ്ധതികൾ നടപ്പിലാക്കാത്തതിന് കാരണം ലഭ്യമാക്കേണ്ടതും വരും കാലങ്ങളിൽ പദ്ധതി നിർവ്വഹണം കാര്യക്ഷമമായി നിർവ്വഹിക്കേണ്ടതുമാണ്.

1-32 PMAY- വിഹിതം നൽകൽ- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല

പ്രോജക്ട് നം, പേര്	363/2025– PMAY- വിഹിതം നൽകൽ
അടങ്കൽ	₹10,00,000/- 215739 (വികസന ഫണ്ട്- ജനറൽ) , 784261 (തനത് ഫണ്ട്)
ആകെ ചെലവ്	₹7,70,000/-

	140000 (വികസന ഫണ്ട് - ജനറൽ) , 630000 (തനത് ഫണ്ട്)

സെക്രട്ടറി നിർവ്വഹണം നടത്തിയ മേൽ പദ്ധതി പ്രകാരം പെരുമ്പടപ്പ് ബ്ലോക്ക് പഞ്ചായത്തിൽ നിന്നും 2024-2025 വർഷം PMAY ജനറൽ ഭവന പദ്ധതി പ്രകാരം വീടിന് അർഹരായ മാറഞ്ചേരി ഗ്രാമ പഞ്ചായത്തിലെ 11 ഗുണഭോക്താക്കൾക്ക് 70000 രൂപ വീതം ആകെ 770000/- രൂപ ചുവടെ ചേർത്ത പ്രകാരം ഗ്രാമ പഞ്ചായത്ത് വിഹിതമായി , ബ്ലോക്ക് പഞ്ചായത്തിന് നൽകിയിട്ടുണ്ട്.

ക്രമ.നം	ഉത്തരവ് നമ്പർ/ തീയതി	തുക	വൗച്ചർ നമ്പർ/ തീയതി
1	ബി/176/24 - 18.03.2025	₹7,70,000/-	22401449/ 22.03.2025

ഗ്രാമ പഞ്ചായത്ത് വിഹിതമായി നൽകിയ ₹7,70,000/- രൂപ അർഹരായ ഗുണഭോക്താക്കൾക്കായി ചെലവഴിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടുണ്ടെങ്കിൽ ആയത് പരിശോധനക്ക് ഹാജരാക്കേണ്ടതാണെന്ന്₹7,70,000/- രൂപ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകുയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല (നം. 13/08-01-2026). വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. വിനിയോഗ വിവരം ലഭ്യമാക്കുന്നതു വരെ ₹7,70,000/- രൂപ തടസ്സത്തിൽ വെക്കുന്നു.

1-33 ഡെപ്പോസിറ്റ് പ്രവൃത്തികളുടെ വിനിയോഗ വിവരം ലഭ്യമാക്കിയില്ല

2024- 2025 വർഷം സെക്രട്ടറി നിർവ്വഹണം നടത്തിയ കുട്ടാടൻപാടശേഖരത്തിൽ നിർമ്മിക്കാനിരിക്കുന്ന പമ്പ് ഹൗസിലേക്ക് ലൈൻ എക്സ്റ്റൻഷൻ നടത്തൽ, മാറഞ്ചേരി പി.എച്ച്.സി യിൽ പുതിയ കണക്ഷൻ അനുവദിക്കുന്നതിനോടനുബന്ധമായി ട്രാൻസ്ഫോമർ സ്ഥാപിക്കൽ, വിവിധ വാർഡുകളിൽ ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ എന്നീ മൂന്ന് പദ്ധതികൾക്കായി ചുവടെ ചേർത്ത പ്രകാരമുള്ള നിക്ഷേപ തുക കെ എസ് ഇ ബി യിൽ അടവാക്കിയിട്ടുണ്ട്.

ക്രമ നം	പ്രോജക്ട് നം, പേര്	അടങ്കൽ	ഡിമാന്റ് നമ്പർ/ തീയതി	ബിൽ നമ്പർ/ തീയതി വൗച്ചർ നം / തീയതി	ആകെ ചെലവ്
1	16/2025– പാടശേഖരങ്ങളിലേക്ക് ലൈൻ എക്സ്റ്റൻഷൻ	₹2,00,000/- (വികസന ഫണ്ട് - ജനറൽ)	DB 4/Demand Letter/24-25/175 – 07.03.2025	24150452001001460012 / 7.03.2025	₹11,125/-
2	356/2025– പി.എച്ച്.സി യിലേക്ക്	₹7,38,878/- (സി.എഫ്.സി)	DB 4/PRG/Demand Letter/24-25/136 –	22401414 / 17.03.2025	₹7,38,878/-

	ട്രാൻസ്ഫോമർ സ്ഥാപിക്കൽ		23.01.2025		
3	12/2025– ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ	₹4,00,000/- (തനത് ഫണ്ട്)	1. DB4/Demand Letter/24-25 – 14.05.2024 2. DB4/Demand Letter/24-25/31 – 18.06.2024 3. DB4/Demand Letter/24-25/79 – 30.10.2024 4. A. DB 11/PRG/Demand ആവശ്യപ്പെട്ട് 11/08-01-2026, 12/08-01-2026, 14/08-01-2026 ഓഡിറ്റ് എൻകൗയറി നൽകിയിരുന്നു. എന്നാൽ വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല. മേൽ പരാമർശിച്ച പ്രവൃത്തികളുടെ വിനിയോഗ സാക്ഷ്യപത്രങ്ങൾ ഹാജരാക്കേണ്ടതാണ്. വിനിയോഗ വിവരം ലഭ്യമാക്കുന്നതു വരെ ചെലവു തുക Letter/24-25/155 – 04.02.2025 B. DB 11/PRG/Demand Letter/24-25/156 – 04.02.2025 5. DB4/Demand Letter/24-25/162 –	22400339 / 09.07.2024 (79064) 22400500 / 24.08.2024 (57231) 22400808 / 07.11.2024 (17115) 22401245 / 13.02.2025 (25568) 22401272 / 24.02.2025 (25603) 22401313 / 05.03.2025 (27299)	₹2,31,880/-

			18.02.2025 6. DB4/Demand Letter/24-25/172 – 27.02.2025		

പദ്ധതി ഫയലുകൾ പരിശോധിച്ചതിൽ പ്രവൃത്തികൾ പൂർത്തീകരിച്ചതായ രേഖകൾ ലഭ്യമല്ല. ഡെപ്പോസിറ്റ് ചെയ്ത തുകകളുടെ പ്രവൃത്തികൾ പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രങ്ങൾ ലഭ്യമാക്കിയിട്ടുണ്ടെങ്കിൽ ആയത് പരിശോധനക്ക് ഹാജരാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ട് 11/08-01-2026, 12/08-01-2026, 14/08-01-2026 ഓഡിറ്റ് എൻകൃയറി നൽകിയിരുന്നു. എന്നാൽ വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല. മേൽ പരാമർശിച്ച പ്രവൃത്തികളുടെ വിനിയോഗ സാക്ഷ്യപത്രങ്ങൾ ഹാജരാക്കേണ്ടതാണ്. വിനിയോഗ വിവരം ലഭ്യമാക്കുന്നതു വരെ ചെലവു തുക 9,81,883 രൂപ തടസ്സം ചെയ്യുന്നു.

1-34 കൃഷി ഓഫീസ് അനുബന്ധ ചെലവുകൾ- അപാകതകൾ

പ്രോജക്ട് നം, പേര്	66/2025 – കൃഷി ഓഫീസ് അനുബന്ധ ചെലവുകൾ
അടങ്കൽ	₹50,000/-
ആകെ ചെലവ്	₹18,191/- (ചെലവ് പത്രിക പ്രകാരം)
ഫണ്ടിനം	തനത് ഫണ്ട്

2024-2025 വർഷം കൃഷി ഓഫീസർ നിർവഹണം നടത്തിയ കൃഷി ഓഫീസ് അനുബന്ധ ചെലവുകൾ എന്ന പദ്ധതിയുടെ ചെലവു തുകയായി 18191 രൂപയാണ് തൻവർഷത്തെ ചെലവ് പത്രികയിൽ രേഖപ്പെടുത്തിയിരിക്കുന്നത്. പദ്ധതി പ്രകാരം ചെലവഴിച്ച യഥാർത്ഥ തുകകളുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

ക്രമ നം	തുക	വൗച്ചർ നമ്പർ, തീയതി	റിമാർക്സ്
1	4300	22400954/ 09.12.2024	വൈദ്യുതി ചാർജ്
2	9281	22400951/ 09.12.2024	കംപ്യൂട്ടർ മെയിന്റനൻസ്, സ്റ്റേഷനറി വസ്തുക്കൾ
3	2655	22400949/ 09.12.2024	വൈദ്യുതി ചാർജ്
4	3003	22401507/ 28.03.2025	സ്റ്റേഷനറി വസ്തുക്കൾ
5	1471	22401508/ 28.03.2025	വൈദ്യുതി ചാർജ്
6	2659	22401509/ 28.03.2025	വൈദ്യുതി ചാർജ്
7	6400	22401511/ 28.03.2025	സ്റ്റേഷനറി വസ്തുക്കൾ
8	3200	22401510/ 28.03.2025	വൈദ്യുതി ചാർജ്
9	1458	22401560/ 30.03.2025	സ്റ്റേഷനറി വസ്തുക്കൾ
ആകെ	34,427		

പദ്ധതിയുമായി ബന്ധപ്പെട്ട് ചുവടെ ചേർത്ത വിവരങ്ങൾ ആവശ്യപ്പെട്ടിരുന്നു. (ഓഡിറ്റ് എൻകൃയറി നം. 31 /14-01-2026)

1. ചെലവഴിച്ച ബില്ലുകൾ പ്രകാരമുള്ള ആകെ തുക 34,427 രൂപയാണ്. ആയതിൽ ചെലവ് പത്രികയിലെ തുകയുമായി 16,236 രൂപയുടെ വ്യത്യാസം കാണുന്നു. യഥാർത്ഥ തുക 2024-25 സാമ്പത്തിക വർഷത്തെ ചെലവ് പത്രികയിൽ പ്രതിഫലിക്കാത്തതിന് കാരണം വ്യക്തമാക്കിയില്ല. തുക ലിമിറ്റ് ചെയ്ത് നൽകിയതാണോ എന്ന് രേഖപ്പെടുത്തിയിട്ടും ഇല്ല.

2. മേൽ പദ്ധതിയിൽ ഉൾപ്പെടുത്തി വാങ്ങൽ നടത്തിയ ക്രമ നം. 2, 4, 7, 9 എന്നിവ പ്രകാരമുള്ള സ്റ്റേഷനറി വസ്തുക്കൾ കൃഷി ഓഫീസർ സൂക്ഷിക്കുന്ന സ്റ്റോക്ക് രജിസ്റ്ററിൽ ഇല്ല.

3. 2023-2024 , 2024-2025 വർഷങ്ങളിൽ കൃഷി ഓഫീസിൽ ലഭ്യമായ സ്റ്റേഷനറി സാധനങ്ങളൊന്നും തന്നെ സ്റ്റോക്കിൽ രേഖപ്പെടുത്തിയിട്ടില്ല.

4. കമ്പ്യൂട്ടർ മെയിന്റനൻസിന് വേണ്ടി തുക ചെലവഴിച്ചിട്ടുണ്ട്. കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങളുടെ വിവരങ്ങളും, റിപ്പയർ വിവരങ്ങളും രേഖപ്പെടുത്തിയ ഹാർഡ്വെയർ രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കിയില്ല.

മേൽ കാര്യങ്ങൾക്ക് മറുപടി ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകൃയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ബന്ധപ്പെട്ട രേഖകൾ സഹിതം മറുപടി നൽകേണ്ടതാണ്.

1-35 തരിശു രഹിത മാറഞ്ചേരി നെൽകൃഷി - രേഖകൾ ഹാജരാക്കിയില്ല

പ്രോജക്ട് നം, പേര്	177/2025 – തരിശു രഹിത മാറഞ്ചേരി നെൽകൃഷി
അടങ്കൽ	₹2,19,480/-
ആകെ ചെലവ്	₹1,70,720/-
ഫണ്ടിനം	വികസന ഫണ്ട് - ജനറൽ
ബിൽ നം, തീയതി	241504520354001888 21/16.05.2024

2024-2025 വർഷം കൃഷി ഓഫീസർ സ്പിൽ ഓവർ ആയി നിർവഹണം നടത്തിയ തരിശു രഹിത മാറഞ്ചേരി നെൽകൃഷി എന്ന പദ്ധതി പ്രകാരം ആകെ 10 ഗുണഭോക്താക്കൾക്കായി 1,70,720 രൂപ അനുവദിച്ച് നൽകിയിട്ടുണ്ട് .

1. തരിശു ഭൂമിയിലെ ആദ്യ കൃഷിക്ക് മാത്രമാണ് ധനസഹായം നൽകാവുന്നത്. ആയതിനാൽ മൂന്ന് വർഷത്തിലധികമായി കാർഷിക പ്രവൃത്തികൾ ചെയ്തിട്ടില്ലാത്ത ഭൂമി ആണന്ന കൃഷി ഓഫീസറുടെ സാക്ഷ്യപ്പെടുത്തലുകൾ ഇല്ല.

2. തരിശു ഭൂമി കൃഷിയോഗ്യമാക്കുന്ന പ്രവർത്തനങ്ങൾക്ക് തൊഴുലുറപ്പ് പദ്ധതിയുടെ സാധ്യത പൂർണ്ണമായി ഉപയോഗപ്പെടുത്തിയിട്ടുണ്ടോ എന്ന വിവരം സാക്ഷ്യപ്പടുത്തിയിട്ടില്ല.

3. പദ്ധതി പ്രകാരം ആനുകൂല്യം കൈപ്പറ്റിയവർക്ക് വിത്ത്, വളം, കീടനാശിനികൾ തുടങ്ങിയ ഉത്പനോപാദികൾ മറ്റു പ്രൊജക്ടുകളിൽ ഉൾപ്പെടുത്തി നൽകിയിട്ടുണ്ടോ എന്നതിൽ വ്യക്തത വരുത്തിയിട്ടില്ല.

4. പാട്ടകൃഷിക്ക് പാട്ടത്തിനെടുത്ത് കൃഷി ചെയ്തതാണെന്ന നിർവ്വഹണ ഉദ്യോഗസ്ഥന്റെ സാക്ഷ്യപത്രങ്ങൾ ലഭ്യമല്ല

പദ്ധതിയുമായി ബന്ധപ്പെട്ട മേൽ പരാമർശിച്ച വിവരങ്ങൾ/ രേഖകൾ എന്നിവ ലഭ്യമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകൃയറി നം. 33 /14-01-2026 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. വ്യക്തമായ വിവരങ്ങൾ പ്രോജക്ട് ഫയലിൽ വെക്കേണ്ടതാണ്.

1-36 ഹൈമാസ്റ്റ് ലൈറ്റ് റിപ്പയർ- രേഖകൾ ഹാജരാക്കിയില്ല

പ്രോജക്ട് നം, പേര്	149/2025– വിവിധ വാർഡുകളിൽ ഹൈമാസ്റ്റ് ലൈറ്റ് റിപ്പയർ
അടങ്കൽ	₹2,00,000/- (തനത് ഫണ്ട്-)
ആകെ ചെലവ്	₹ 11,900 /-
വൗച്ചർ നം, തീയതി	22400488/ 21.08.2024 -
തുക കൈപ്പറ്റിയ സ്ഥാപനം	എ കെ ഇലക്ട്രിക്കൽസ്

2024 -2025 വർഷം സെക്രട്ടറി നിർവഹണം നടത്തിയ വിവിധ വാർഡുകളിൽ ഹൈമാസ്റ്റ് ലൈറ്റ് റിപ്പയർ എന്ന പദ്ധതി പ്രകാരം ചെലവഴിച്ച ₹ 11,900 /- രൂപയെ സാധൂകരിക്കുന്ന രേഖകളോ, ഫയലോ, രജിസ്റ്ററുകളോ ലഭ്യമല്ല. ആയവ ലഭ്യമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകൃയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല (നം. 23/12-01-2026). വ്യക്തമായ ചെലവ് രേഖകൾ രേഖകൾ ഹാജരാക്കുന്നത് വരെ ₹ 11,900 /- രൂപ തടസ്സം ചെയ്യുന്നു.

1-37 സ്ട്രീറ്റ് ലൈറ്റ് റിപ്പയർ- അപാകതകൾ

പ്രോജക്ട് നം, പേര്	09/2025– സ്ട്രീറ്റ് ലൈറ്റ് റിപ്പയർ
അടങ്കൽ	₹6,00,000/- (വികസന ഫണ്ട്- സ്.എഫ്.സി)
ആകെ ചെലവ്	₹ 2,92,125 /-
വൗച്ചർ നം, തീയതി	1. 22401193/ 04.02.2025 - ₹ 190095/- 2. 22401518/ 28.03.2025 - ₹ 102030 /-
തുക കൈപ്പറ്റിയ സ്ഥാപനം	സ്മൈൽ ഏജൻസീസ് , കൂറ്റനാട്

2024 -2025 വർഷം സെക്രട്ടറി നിർവഹണം നടത്തിയ പദ്ധതിയാണ് സ്ട്രീറ്റ് ലൈറ്റ് റിപ്പയർ. പദ്ധതി ഫയൽ പരിശോധിച് താഴെ രേഖപ്പെടുത്തിയ അപാകതകൾ ശ്രദ്ധയിൽ പെടുത്തുന്നു.

1. പദ്ധതി പ്രകാരം പ്രവൃത്തി ഏറ്റെടുത്ത് നടത്താൻ ജി എസ് ടി രജിസ്ട്രേഷൻ ഉള്ളതും, ഇലക്ട്രിക്കൽ ലൈസൻസ് ഉള്ളതുമായ വ്യക്തികൾ/ സ്ഥാപനങ്ങളിൽ നിന്നും ഇ-ടെണ്ടർ ക്ഷണിച്ച് കൊണ്ടുള്ള പരസ്യത്തിന്റെ ഡ്രാഫ്റ്റ് ലഭ്യമാണെങ്കിലും പത്രപ്പരസ്യം നൽകിയതിന്റെ രേഖ ലഭ്യമല്ല.

2. പ്രവർത്തനാനുമതി നൽകിയ സ്മൈൽ ഏജൻസീസ് , കൂറ്റനാട് എന്ന സ്ഥാപനം 285 രൂപ നിരക്കിൽ ഗ്രാമ പഞ്ചായത്തിലെ 2000 തെരുവ് വിളക്കുകൾ റിപ്പയർ ചെയ്യുന്നതിനാണ് കരാർ ചമച്ചിട്ടുള്ളത്. ആയതു പ്രകാരം

ആദ്യഘട്ടത്തിൽ 667 തെരുവ് വിളക്കുകൾ റിപ്പയർ ചെയ്തതിലേക്കുള്ള 190,095 രൂപയും, അടുത്ത ഘട്ടത്തിൽ 358 തെരുവ് വിളക്കുകൾ റിപ്പയർ ചെയ്തതിലേക്കുള്ള 102,030 രൂപയും പ്രസ്തുത സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. എന്നാൽ പ്രൊജക്ട് ഫയൽ പരിശോധിച്ചതിൽ റിപ്പയർ ചെയ്യപ്പെടേണ്ട തെരുവ് വിളക്കുകൾ ഏതെല്ലാമാണെന്ന വിവരം വ്യക്തമല്ല. വാർഡ് മെമ്പർമാരുടെ തെരുവ് വിളക്കുകൾ റിപ്പയർ ചെയ്തതായി കാണിക്കുന്ന സാക്ഷ്യപത്രങ്ങൾ മാത്രമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. കരാറിലെ നാലാം വ്യവസ്ഥയിൽ പരാമർശിക്കുന്ന വിധം റിപ്പയർ ചെയ്ത 1025 തെരുവ് വിളക്കുകൾ പ്രവർത്തനക്ഷമമല്ലായിരുന്നുവെന്നതിനെ സാധൂകരിക്കുന്ന രേഖകൾ ലഭ്യമല്ല.

3. പദ്ധതിയുടെ സൂപ്പർവിഷൻ ലഭ്യമാക്കുവാൻ കെ.എസ്.ഇ.ബി അസി. എഞ്ചിനീയർക്കും, കെ.എസ്.ഇ.ബി ഉദ്യോഗസ്ഥരുടെ സാന്നിധ്യത്തിൽ റിപ്പയർ ചെയ്യുന്നതിന് ശ്രീ. അബ്ദുൽ ജലീലിനും (സ്മൈൽ ഏജൻസീസ് , കൂറ്റനാട്) കത്ത് നൽകിയിരുന്നുവെങ്കിലും നടപടി ക്രമങ്ങൾ പാലിച്ചതായി കാണുന്നില്ല.

4. ഗ്രാമ പഞ്ചായത്തിൽ സൂക്ഷിക്കേണ്ട തെരുവ് വിളക്കുകളുടെ റിപ്പയർ വിശദാംശങ്ങൾ രേഖപ്പെടുത്തുന്ന മെയിന്റനൻസ് രജിസ്റ്റർ, പരാതി രജിസ്റ്റർ എന്നിവ ലഭ്യമല്ല.

മേൽ പരാമർശിച്ച അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകൃയറിക്ക് മറുപടി നൽകിയിട്ടില്ല (നം. 22/12-01-2026). ആവശ്യപ്പെട്ട രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

1-38 സ്ട്രീറ്റ് ലൈറ്റ് റിപ്പയർ (സ്പിൽ ഓവർ) - അപാകതകൾ

പ്രോജക്ട് നം, പേര്	322/2025– സ്ട്രീറ്റ് ലൈറ്റ് റിപ്പയർ
അടങ്കൽ	₹1,00,000/- ₹74,000/- വികസന ഫണ്ട് - ജനറൽ ₹26,000/- തനത് ഫണ്ട്
ആകെ ചെലവ്	₹1,00,000/- ₹74,000/- വികസന ഫണ്ട് - ജനറൽ ₹26,000/- തനത് ഫണ്ട്
വൗച്ചർ നം, തീയതി	1. 24150452001001026344/ 12.12.2024 - ₹ 74,000/- 2. 22400607/ 24.09.2024 - ₹ 26,000/-
തുക കൈപ്പറ്റിയ സ്ഥാപനം	സ്മൈൽ ഏജൻസീസ് , കൂറ്റനാട്

2024 -2025 വർഷം സെക്രട്ടറി സ്പിൽ ഓവർ ആയി നിർവഹണം നടത്തിയ പദ്ധതിയാണ് സ് ടീറ്റ് ലൈറ്റ് റിപ്പയർ. പദ്ധതി ഫയൽ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. ടെണ്ടർ രേഖകൾ, കരാർ എന്നിവ ലഭ്യമല്ലാത്തതിനാൽ കരാറിൽ വ്യവസ്ഥ ചെയ്തത് പ്രകാരമാണ് പദ്ധതി

പൂർത്തീകരിക്കുകയും തുക അനുവദിക്കുകയും ചെയ്തത് എന്ന് ഉറപ്പു വരുത്താനായിട്ടില്ല.

2. പ്രൊജക്ടു ഫയൽ പരിശോധിച്ചതിൽ റിപ്പയർ ചെയ്യപ്പെടേണ്ട തെരുവ് വിളക്കുകൾ ഏതെല്ലാമാണെന്ന വിവരം വ്യക്തമല്ല. വാർഡ് മെമ്പർമാരുടെ തെരുവ് വിളക്കുകൾ റിപ്പയർ ചെയ്തതായി കാണിക്കുന്ന സാക്ഷ്യപത്രങ്ങൾ മാത്രമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

3. കെ.എസ്.ഇ.ബി ഉദ്യോഗസ്ഥരുടെ സാന്നിധ്യത്തിൽ സ്ട്രീറ്റ് ലൈറ്റുകൾ റിപ്പയർ ചെയ്തതായ രേഖകൾ ലഭ്യമല്ല.

4. ഗ്രാമ പഞ്ചായത്തിൽ സൂക്ഷിക്കേണ്ട തെരുവ് വിളക്കുകളുടെ റിപ്പയർ വിശദാംശങ്ങൾ രേഖപ്പെടുത്തുന്ന മെയിന്റനൻസ് രജിസ്റ്റർ, പരാതി രജിസ്റ്റർ എന്നിവ ലഭ്യമല്ല.

മേൽ പരാമർശിച്ച അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണെന്ന് ഓഡിറ്റ് എൻകൃയറി നം. 26/13-01-2026 മുഖേന ആവവശ്യപ്പെട്ടിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. ബന്ധപ്പെട്ട രേഖകൾ സഹിതം മറുപടി നൽകേണ്ടതാണ്.

1-39 മുറിച്ച് മാറ്റിയ മരങ്ങളുടെ ലേല വിവരം ലഭ്യമാക്കിയില്ല

മാറഞ്ചേരി ഗ്രാമ പഞ്ചായത്ത് പരിധിയിൽ ചുവടെ ചേർത്ത പ്രകാരം തനത് ഫണ്ടിൽ നിന്നും തുക ചെലവഴിച്ച് മുറിച്ച് മാറ്റിയ മരങ്ങൾ എന്ത് ചെയ്തു എന്നത് സംബന്ധിച്ച വിവരം ലഭ്യമല്ല.

ക്രമ നം	മരങ്ങൾ	തുക	വൗച്ചർ നമ്പർ/ തീയതി	തുക കൈപ്പറ്റിയത്	കമ്മിറ്റി തീരുമാനം
1	വാർഡ് 10 ലെ 3 മരങ്ങൾ	10000 രൂപ	22400213 / 03.06.2024	സുലൈഖ റസാഖ് (വാർഡ് മെമ്പർ)	17(2)/ 28.05.2024
2	വാർഡ് 8 ലെ 4 മരങ്ങൾ	10000 രൂപ	22400442/ 05.08.2024	സംഗീത രാജൻ (വാർഡ് മെമ്പർ)	6(10)/ 30.07.2024

മുറിച്ച് മാറ്റിയ മരങ്ങൾ ലേലം ചെയ്ത് തുക തനത് ഫണ്ടിലേക്ക് വകയിരുത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകൃയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല (നം. 03/06-01-2026). രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

1-40 പദ്ധതി ആസൂത്രണ നിർവഹണ മോണിറ്ററിംഗ് ചെലവുകൾ- രേഖകൾ ലഭ്യമാക്കിയില്ല

പ്രോജക്ട് നം, പേര്	04/2025– പദ്ധതി ആസൂത്രണ നിർവഹണ മോണിറ്ററിംഗ് ചെലവുകൾ
അടങ്കൽ	₹3,00,000/- (തനത് ഫണ്ട്)
ആകെ ചെലവ്	₹1,60,950/-

സെക്രട്ടറി നിർവഹണം നടത്തിയ മേൽ പദ്ധതിയിൽ ഉൾപ്പെടുത്തി തുക നൽകിയ ചുവടെ ചേർത്ത പ്രകാരമുള്ള ചെലവുകളിൽ നിയമ പ്രകാരമുള്ള കമ്മിറ്റേഷൻ നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല.

ക്രമ.നം	വൗച്ചർ നമ്പർ/തീയതി	തുക	റിമാർക്സ്
1	22401309/ 05.03.2025	18500	പ്രിന്റിംഗ്
2	22401361/ 12.03.2025	37200	റിഫ്രഷ്മെന്റ്

ക്രമ നമ്പർ 1 പ്രകാരം വാങ്ങിയ ബുക്കുകൾ, സെമിനാർ പാഡുകൾ എന്നിവ ഏത് ആവശ്യത്തിലേക്കാണെന്നത് അറിയിക്കുന്നതോടൊപ്പം ആയവ സ്റ്റോക്കിൽ എടുത്തതിന്റേയും വിതരണം നടത്തിയതിന്റേയും രേഖകൾ ഹാജരാക്കേണ്ടതാണെന്നും, ക്രമ നമ്പർ 2 ലെ തുക ചെലവഴിച്ചതിന് അടിസ്ഥാനമായ വികസന സെമിനാർ, ബി.എം.സി മീറ്റിഗ് എന്നിവയുടെ ഹാജർ വിവരങ്ങൾ അടങ്ങിയ മിനിട്സ് ലഭ്യമാക്കുവാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകമ്പയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല (നം. 20/09-01-2026). രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

ഭാഗം -2
വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3
ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -4
പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 മെഡിസെപ് പ്രീമിയം- ഒടുക്ക് സംബന്ധിച്ച പരിശോധന

മാറഞ്ചേരി ഗ്രാമപഞ്ചായത്തിലെ ജീവനക്കാരുടെ മെഡിസെപ് പ്രീമിയം ഒടുക്കുമായി ബന്ധപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1). മെഡിസെപ് പ്രീമിയം ഒടുക്ക് (റഗുലർ ജീവനക്കാർ).

ഓഡിറ്റ് വർഷത്തിലെ ജീവനക്കാരുടെ എണ്ണം.*	മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/22 മുതലുള്ള കുടിശ്ശിക ഈടാക്കിയിട്ടുണ്ടെങ്കിൽ ആയത് ഉൾപ്പെടെ).	മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക.	ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക.	റിമാർക്സ്.
16	91000	91000	0	-

*01-04-2024 മുതൽ 31-03-2025 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ളവരുടേത് ഒഴികെ.

2). മെഡിസെപ് പ്രീമിയം ഒടുക്ക് (01-04-2024 മുതൽ 30-06-2024നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

ഇല്ല.

3). മെഡിസെപ് പ്രീമിയം ഒടുക്ക് (01-07-2024 ൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

ഇല്ല.

4). മെഡിസെപ് പ്രീമിയം ഒടുക്ക് (01-08-2024 മുതൽ 31-03-2025 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

ഇല്ല.

4-2 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

വർഷം	സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി	സർട്ടിഫിക്കറ്റ് നമ്പർ/തീയതി
2024-2025	2024-2025 വാർഷിക ഓഡിറ്റ് വേളയിൽ വാർഷികധനകാര്യ പത്രികയുടെ പരിശോധന നടത്തി	ഈ റിപ്പോർട്ടിന്റെ ഭാഗമാണ്

4-3 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

വിഹിതം നൽകിയ സ്ഥാപനം	ലഭിച്ച തുക (₹)	പദ്ധതി നം, പേര്	ചെലവഴിച്ച തുക (₹)	നീക്കിയിരിപ്പ് (₹)
ബ്ലോക്ക് പഞ്ചായത്ത്	150000	25/25 – പാലിന് സബ്സിഡി- ജനറൽ	150000	0
	62050	26/25 – നെൽകൃഷി വികസനം	62050	0

	255570	169/25 – നെൽകൃഷി വികസനം	255570	0
	370000	33/25 – മാനസിക ശാരീരിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്	370000	0
	590000	132/25 – ലൈഫ് ഭവന പദ്ധതി ജനറൽ	590000	0
ബ്ലോക്ക് പഞ്ചായത്ത്	1001400	175/25- ലൈഫ് ഭവന പദ്ധതി എസ് സി	1001400	0
ബ്ലോക്ക് പഞ്ചായത്ത്	190000	135/25- ലൈഫ് ഭവന പദ്ധതി എസ് സി	190000	0
ആകെ	**2619020**		**2619020**	
ജില്ലാ പഞ്ചായത്ത്	3140000	132/25 – ലൈഫ് ഭവന പദ്ധതി ജനറൽ	3140000	0
ജില്ലാ പഞ്ചായത്ത്	180000	33/25 – മാനസിക ശാരീരിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്	180000	0
ആകെ	**3320000**		**3320000**	0

4-4 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനത്തിന് നിക്ഷേപ പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നല്കിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

നിർവഹണ ഏജൻസി	പ്രവൃത്തിയുടെ പേര്	വൗച്ചർ നമ്പർ,ചെക്ക് നമ്പർ, ബിൽ നമ്പർ	മുൻകൂർ നല്കിയ തുക	ചെല വഴിച്ച തുക	പൂർത്തീകരിച്ച വിവരം	ചെലവഴിക്കാൻ ബാക്കിയുള്ള തുക
KSEB	12/2025– ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ	22400339/09.07.2024 22400500/24.08.2024 22400808 / 07.11.2024 22401245 / 13.02.2025 22401272 / 24.02.2025 22401313 / 05.03.2025	2,31,880/-	0	വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല	2,31,880/-
KSEB	16/2025–	24150452001001460012 / 7.03.2025	11,125/-	0	വിനിയോഗ	11,125/-

	പാടശേഖരങ്ങളിലേക്ക് ലൈൻ എക്സ്റ്റൻഷൻ				സാക്ഷ്യപത്രം ലഭ്യമല്ല	
KSEB	356/2025– പി.എച്ച്.സി യിലേക്ക് ട്രാൻസ്ഫോമർ സ്ഥാപിക്കൽ	22401414 / 17.03.2025	7,38,878/-	0	വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല	7,38,878/-

4-5 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

4-6 വായ്പ / വായ്പാതിരിച്ചടവ്

വായ്പാരജിസ്റ്റർ പ്രകാരമുള്ള തുകയാണ് ചേർത്തിട്ടുള്ളത്. വാർഷിക കണക്കിൽ ലോൺ സംബന്ധിച്ച വിവരങ്ങൾ തെറ്റായാണ് പോസ്റ്റ് ചെയ്തിട്ടുള്ളത്. ഖണ്ഡിക 1-1-6 കാണുക.

വായ്പയുടെ ഉദ്ദേശ്യം	ഉത്തരവ് നം./തിയ്യതി	വായ്പ തുക (₹)	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാനുള്ള മുൻബാക്കി (₹)	തൻവർഷം അടച്ചത് (₹)		വർഷാവസാന ബാക്കി (₹)
				മുതൽ	പലിശ	
ലൈഫ് ഭവന പദ്ധതി KURDFC	G.O(MS).68/18/08.05.2018	15766900	46025850	4412277		57380473

4-7 സ്ഥിര നിക്ഷേപം

ഇല്ല

4-8 ഓഡിറ്റ് റിക്കവറി

വർഷം	ഭാഗം/ ഖണ്ഡിക	ഈടാക്കിയ തുക	ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും	രസീത് നമ്പർ / തിയ്യതി
2023-2024	3-2	50000	അശോകൻ	1242401877/19.10.2024

4-9 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പു പ്രകാരം നിയമസഭ സമിതിയുടെ പരിഗണനയിലുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ഓഡിറ്റ് വർഷം	ഖണ്ഡിക	സമാഹൃത റിപ്പോർട്ട് വർഷം	ഖണ്ഡിക	വിഷയം	ഇപ്പോഴത്തെ അവസ്ഥ

2014-15	2-1, 2-2, 2-3, 2-4	2016-17	2-1	തൊഴിൽ നികുതി പിരിവിലെ അപാകതകൾ	നടപടി തുടരുന്നു.
2015-16	2-5	2016-17	2-2	വരുമാന സ്രോതസ്സുകൾ കണ്ടെത്തൽ-	നടപടി തുടരുന്നു.

4-10 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല.

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ക്രമനം	റിപ്പോർട്ട് വർഷം	ഖണ്ഡികനം.	ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ്	സർചാർജ് സർട്ടിഫിക്കറ്റ്		സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി)	റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക (തീയതി)	കോടതി വ്യവഹാരങ്ങളിൽ		ആകെ ലഭ്യമായ തുക	അവശേഷിക്കുന്ന തുക/ ബാധ്യത	റിമാർക്സ്
				നമ്പരും തീയതിയും	തുക			ഉൾപ്പെട്ട തുക	ഈടാക്കിയ തുക			
1	2	3	4	5	6	7	8	9	10	11	12	13
1	2001-02	11	സി.കെ. ജനാർദ്ദനൻ നായർ	LF 2437/ Spl. Cell/ SC5/ 06 19.5.06	25000						25000	അടവാക്കിയില്ല
2	1998-99	38,39	പി.ബി. ജോഷ് കുമാർ	LF 23194/ Spl.Cell/ SC5/04 28.7.06/ 13.12.06	7500						7500	അടവാക്കിയില്ല
3	1997-98	47	C.K. Janardhanan Nair Agri Officer	LF 23196/ Spl.Cell/ SC5/04 17.05.06	4500						4500	അടവാക്കിയില്ല
4	1997-98	32 35	P.P Krishnan	LF 23196/ Spl.Cell/	22296						22296	അടവാ

		36	Secreary	SC5/04 27.10.05								ക്കിയില്ല
5	1997-98	50	പി.ബി. ജോഷ് കുമാർ Vet. Surgeon	LF 23196/ Spl.Cell/ SC5/04 17.05.06	9000						9000	അടവാ ക്കിയില്ല

4-11 ഓഡിറ്റ് പ്രത്യവലോകനം

(എ). സംക്ഷിപ്ത വിവരം

ഓഡിറ്റ് വർഷത്തെ ആകെ വരവ് (₹)	10,85,92,168
ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (₹)	10,42,39,755
വരവിനങ്ങളിലുള്ള നഷ്ടം (₹)	0
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക (₹)	0
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക (₹)	22,87,381

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം.

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക (₹)	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1-21	1,60,650	ശ്രീ. ശ്രീരാജ്, വി.ഇ.ഒ
1-22	44,648	ശ്രീ. ശശിധരൻ, വി.ഇ.ഒ
1-26	2,96,400	ഡോ. നഹീൽ സി.എം,വെറ്റിനറി സർജൻ,
1-27	21,900	ശ്രീമതി. നിഷ പി പി ,ഐ സി ഡി എസ് സൂപ്പർവൈസർ
1-32	7,70,000	ശ്രീ. മണികണ്ഠൻ ടി ,സെക്രട്ടറി
1-33	9,81,883	ശ്രീ. മണികണ്ഠൻ ടി ,സെക്രട്ടറി
1-36	11,900	ശ്രീ. മണികണ്ഠൻ ടി ,സെക്രട്ടറി
ആകെ	22,87,381	

(സി). കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു,381 **സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല.

(ഡി). നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ.

ഇല്ല.

(ഇ). റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും.

ഇല്ല

4-12 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

ഓഡിറ്റ് റിപ്പോർട്ട് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം
1979-80	കെ.എസ്.എ.എം.പി.എം 28/588/2018 തി: 5-05-2018	1
1987-88 1988-89	കെ.എസ്.എ.എം.പി.എം 28/588/2018 തി: 5-05-2018	1
1992-93 1993-94	എൽ. എഫ്. എം.8/281/95 തിയ്യതി 01-06-95	8
1994-95 1995-96	എൽ. എഫ്. എം.14/957/98 തിയ്യതി 04-11-98	3
1996-97	എൽ. എഫ്. എം.14/1472/01 തിയ്യതി 26-11-02	10
1997-98	എൽ. എഫ്. എം.14/1470/01 തിയ്യതി 28-11-02	25
1998-99	എൽ. എഫ്. എം.14/405/02 തിയ്യതി 10-01-03	9
1999-00	എൽ. എഫ്. എം.14/682/03 തിയ്യതി 18-11-03	8
2000-01	എൽ. എഫ്. എം.14/683/03 തിയ്യതി 30-09-03	4
2001-02	എൽ. എഫ്. എം.9/1182/03 തിയ്യതി 23-03-04	8
2002-03	എൽ. എഫ്. എം.9/1568/05 തിയ്യതി 07-02-06	22
2003-04	എൽ. എഫ്. എം.15/270/09 തിയ്യതി 09-06-09	17
2004-05	എൽ. എഫ്. എം.15/271/09 തിയ്യതി09-06-09	10
2005-06	എൽ. എഫ്. എം.15/576/10 തിയ്യതി19-08-10	5
2006-07	എൽ. എഫ്. എം.15/577/10 തിയ്യതി 25-01-11	8
2007-08	എൽ. എഫ്. എം.14/94/12 തിയ്യതി 21-02-12	19
2008-09	എൽ. എഫ്. എം.14/95/12 തിയ്യതി 13-02-2012	24
2009-10	എൽ. എഫ്. എം.14/2625/11 തിയ്യതി 08-02-2012	38

2010-11	കെ.എസ്.എ.എം.പി.എം.24/1701/22(1) തിയ്യതി 01-10-2022	7
2011-12 2012-13	കെ.എസ്.എ.എം.പി.എം 24/1701/2022(2) തിയ്യതി 01.10.2022	15
2013-14 2014-15	കെ.എസ്.എ.എം.പി.എം 28/2101/2016 തിയ്യതി 20.05.2017	24
2015-16	കെ.എസ്.എ.എം.പി.എം14/1701/2022(8) തിയ്യതി 01.10.22	10
2016-17	കെ.എസ്.എ.എം.പി.എം 28/1622/2017 തി: 05-07-18	19
2017-18	നം കെഎസ്.എ.എം.പി.എം.24/1236/23 തിയ്യതി: 04.05.2023	8
2018-19	നം കെഎസ്.എ.എം.പി.എം.24/1701/22(4) തിയ്യതി: 01.10.22	9
2019-20	കെഎസ്.എ.എം.പി.എം.24/2239/24 തിയ്യതി: 03.12.2025	8
2020-21	കെഎസ്.എ.എം.പി.എം.24/659/22തിയ്യതി: 24.6.2023	16
2021-22	കെഎസ്.എ.എം.പി.എം.24/2451/2024 തിയ്യതി: 12.02.2025	12
2022-23	കെഎസ്.എ.എം.പി.എം.24/2785/2023 തിയ്യതി: 06.03.2024	30
2023-24	കെഎസ്.എ.എം.പി.എം.24/1416/2024 തിയ്യതി: 01.08.2024	38

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
മലപ്പുറം

Annexure-1
Audit Certificate

i. I have audited the attached Financial statements approved vide resolution number 2(1) dated 2(1) dated 25-06-2025 and submitted on 30-06-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03-2025 , with supporting forms, of the Maranchery Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial position of Maranchery Grama Panchayat as on 31-03-2025

Date: 03/02/2026 **Deputy Director**

Kerala State Audit Department

Audit Report appended to the Audit Certificate of Maranchery Grama Panchayat for the Year 2024-2025.

1.Major Observations

Nil

2.Other Observations

1)The following mandatory financial statements prescribed in accounting rules are not submitted for auditing.
a)Ratios
b)Notes on accounts
c)Comparative amounts
2) Asset Register is not produced for verification.
3) Cashflow statement - Net increase/decrease in cashflow does not match with the difference between the opening balance and closing balance of cash and cash equivalents.
4) Following Bank, Reconciliation statements were not presented for inspection.

South indian bank 594073000000202, Canara - 1424201000166, Canara - 1424201000167, SBI 67139423535,
Maranchery Co-op. Bank 7342, Other Co-op. Bank 3081, Dist. Co-op. Bank 090101201000070, Dist. Co-op. Bank 090101000920001

5) Following Bank statement amounts do not match with the 40(b) balance.

Other Co-op bank 4080, Federal Bank 17060200000805, ST 799013000000366, Federal Bank 17060100144703

6) Loan details in the AFS do not match with the Loan register.
7)Worksheet for the calculation of depreciation for fixed assets was not produced for auditing.
8) The annual abstract has not been recorded, certified and made available for inspection in the registers attached below.

a) Building Permit Register
b) Building Regularization Register
c) Auction Register
d) Register of Paramedical Institutions
e) Register of Tutorial Institutions
f) Audit Recovery Register
9) NREGS administrative income amount in register and AFS were not matching. Rs.1998 difference.
10) The cash book and bank reconciliation statement have not been certified and maintained timely.
11) As per advance register, the advance paid to KSEB was Rs. 750003, but as per AFS RP 49, it is Rs. 738878.
12) The balance Amount in the following items as per Balance Sheet B18 is not available in the Advance Register.

a) 460160199 Other Advance â balance Rs. 39500/-

b) 460500499 Advance to Other Agencies - balance Rs. 9449/-

13) The following funds income amounts is not matching in ACR and AFS.

Development Fund-General, Development Fund SCP, CFC Basic grand, CFC tied grand.

14) Demand and collection amount in profession tax-employees is Rs. 1363870 as per the register. However, the collection amount in AFS is Rs. 1325870.

അനുബന്ധം-2
ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ മാറഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്